# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

## വരാപ്പുഴ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

**2022-2023**


**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**എറണാകുളം-682030**

**ഇ-മെയിൽ: doekm.ksad@kerala.gov.in**
**ഫോൺ : 0484-2422271**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഇ.കെ.എം.(P 13)1513/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയതി: 05/12/2023
ഇ-മെയിൽ: doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വരാപ്പുഴ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : വരാപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വരാപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഇ.കെ.എം.(P 13)1513/2023 തീയ്യതി: 05/12/2023

## എറണാകുളം ജില്ലയിലെ വരാപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ വരാപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 26 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 16 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 27-09-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ബിന്ദു എസ്.നായർ | ഡെപ്യൂട്ടി ഡയറക്ടർ | 19-09-2023 | 27-09-2023 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 19-09-2023 | 27-09-2023 |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീജ ഉണ്ണിക്കൃഷ്ണൻ,ഓഡിറ്റ് ഓഫീസർ
ബിന്ദു സദാനന്ദൻ,അസി.ഓഡിറ്റ് ഓഫീസർ
ഷൈനി പി.എം.,അസി.ഓഡിറ്റ് ഓഫീസർ
നിജു.സി.എസ്.,സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.കൊച്ചുറാണി ജോസഫ് | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീമതി.ബീഗം സൈന ബി. | സെക്രട്ടറി | 01-04-2022 | 01-10-2022 |
| ശ്രീ.അനീഷ് എസ്. | സെക്രട്ടറി | 02-10-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ആന്റണി എം.എ. | അസി.സെക്രട്ടറി | 01-04-2022 | 31-03-2023 |
| ശ്രീമതി.ചാന്ദ്നി എസ്.എം. | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീ.രാജീവ് ഗോപാൽ | അസി.എൻജിനീയർ | 01-04-2022 | 31-03-2023 |
| ശ്രീമതി.ലക്ഷ്മി | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2022 | 05-01-2023 |
| ഒഴിവ് | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 06-01-2023 | 09-01-2023 |
| ശ്രീമതി.ശ്വേത ജിത്ത് പി.എസ്. | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 10-01-2023 | 31-03-2023 |
| ശ്രീമതി ലാജി വർക്കി | ഹെഡ്മിസ്ട്രസ് | 01-04-2022 | 31-03-2023 |
| ഡോ.അപ്പു സിറിയക്ക് | മെഡിക്കൽ ഓഫീസർ,സി.എച്ച്.സി.,വരാപ്പുഴ | 01-04-2022 | 19-06-2022 |
| ഒഴിവ് | . | 20-06-2022 | 22-06-2022 |
| ഡോ.സെലിൻ ടെൻസി | മെഡിക്കൽ ഓഫീസർ,സി.എച്ച്.സി.,വരാപ്പുഴ | 23-06-2022 | 31-03-2023 |
| ഡോ.ജിൻസി | മെഡിക്കൽ ഓഫീസർ,ആയുർവേദം | 01-04-2022 | 31-03-2023 |
| ഡോ.നമിത നായിക്ക് | വെറ്ററിനറി സർജൻ | 01-04-2022 | 15-08-2022 |
| ഡോ.ഇന്ദു രാമചന്ദ്രൻ | വെറ്ററിനറി സർജൻ | 16-08-2022 | 31-03-2023 |
| സീന അഗസ്റ്റിൻ | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2022 | 06-07-2022 |
| സുജ ദേവൻ വി. | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 07-07-2022 | 31-03-2023 |
| ശ്രീമതി.ശുഭ വി.നായർ | വി.ഇ.ഓ.വരാപ്പുഴ സർക്കിൾ(ചാർജ്) | 01-04-2022 | 05-05-2022 |
| ശ്രീമതി.ഷാലറ്റ് വി.ജെ. | വി.ഇ.ഓ.വരാപ്പുഴ സർക്കിൾ | 06-05-2022 | 31-03-2023 |
| ശ്രീമതി.ശുഭ വി.നായർ | വി.ഇ.ഓ.പുത്തൻപള്ളി സർക്കിൾ | 01-04-2022 | 31-03-2023 |
| മെറിമ ജോസ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 25-01-2023 |
| ഒഴിവ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 26-01-2023 | 29-01-2023 |
| സ്നേഹ ജോസഫ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 30-01-2023 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല | 1-1-1 |
| 3 | ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല | 1-1-2 |
| 4 | ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും നടത്തിയിട്ടില്ല | 1-1-3 |
| 5 | സ്റ്റോക്ക് രജിസ്റ്റർ പ്രകാരമുള്ള സ്റ്റോക്കിന്റെ മൂല്യം ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-1-4 |
| 6 | ഭൂമിയുടെ വില ആസ്തിയിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-1-5 |
| 7 | നിക്ഷേപ പ്രവൃത്തിക്ക് നൽകിയ തുക R&P സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയില്ല | 1-1-6 |
| 8 | സ്ട്രീറ്റ് ടാപ്പുകളുടെ വെള്ളക്കരം അടവാക്കിയ തുക പൂർണ്ണമായും അക്കൗണ്ട്സിൽ ചെലവായി രേഖപ്പെടുത്തിയിട്ടില്ല | 1-1-7 |
| 9 | വാർഷിക ധനകാര്യപത്രികയിലെ പലിശ തുകയും ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള പലിശ തുകയും തമ്മിൽ വ്യത്യാസം | 1-1-8 |
| 10 | സി.എഫ്.സി ഗ്രാന്റിന്റെ പലിശ വരവ് പൂർണ്ണമായി കണക്കാക്കിയിട്ടില്ല | 1-1-9 |
| 11 | സ്ഥിര നിക്ഷേപങ്ങളുടെ പലിശ വാർഷിക ധനകാര്യ പത്രികയിൽ കാണിച്ചിട്ടില്ല | 1-1-10 |
| 12 | ബജറ്റ് | 1-2 |
| 13 | സാമ്പത്തിക വിശകലനം(റസീപ്റ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം) | 1-3 |
| 14 | ഫണ്ട് വിനിയോഗം | 1-4 |
| 15 | പദ്ധതി അവലോകനം | 1-5 |
| 16 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 17 | ക്ഷേമ പദ്ധതികൾ | 1-7 |
| 18 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 19 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 20 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 21 | തനതു വരുമാനം -പൊതു അവലോകനം | 1-11 |
| 22 | ലൈഫ് മിഷൻ വായ്പ – ബാദ്ധ്യതയില്ലാതിരുന്നിട്ടും തുക ഉത്ഭവത്തിൽ കുറവ് ചെയ്തു | 1-12 |
| 23 | തനത് ഫണ്ട് ബാങ്ക് നീക്കിയിരിപ്പ് തുക സംബന്ധിച്ച് | 1-13 |
| 24 | പപ്പൻ സ്മാരക വോളിബോൾ സ്റ്റേഡിയം ,കമ്മ്യൂണിറ്റി ഹാൾ-വാടക നിരക്കുകൾ നിശ്ചയിച്ച വിവരം ലഭ്യമല്ല | 1-14 |
| 25 | ചട്ടപ്രകാരമല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടോ എന്ന പരിശോധന അനിവാര്യം. | 1-15 |
| 26 | സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി ഡിമാന്റ് ചെയ്യുന്നില്ല | 1-16 |
| 27 | വാടക- പഞ്ചായത്ത് കെട്ടിട മുറികളുടെ കൈവശവകാശം ദുരുപയോഗം ചെയ്യാതിരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ് | 1-17 |
| 28 | കെട്ടിടങ്ങളുടെ ഉപയോഗക്രമം മാറി-വസ്തുനികുതി തെറ്റായി അസസ്സ് ചെയ്തത് | 1-18 |
| 29 | വ്യവസായ ഗണത്തിലുള്ള സ്ഥാപനങ്ങൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നതു പരിശോധിക്കേണ്ടതാണ് | 1-19 |
| 30 | പ്രീ മൺസൂൺ ക്ളീനിംഗ് - ശുചിത്വ മിഷൻ വിഹിതം ലഭ്യമായില്ല | 1-20 |

| | | |
|---|---|---|
| 31 | ഹോമിയോ ഡിസ്പെൻസറിയിലേയ്ക്ക് മരുന്നു പൂർണ്ണമായി ലഭിച്ചിട്ടില്ല - ₹99,206/- തടസ്സപ്പെടുത്തുന്നു. | 1-21 |
| 32 | പൊക്കാളി പാടത്ത് നെല്ലിക്കോഴി ശല്യം ഒഴിവാക്കൽ - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ | 1-22 |
| 33 | മരുന്ന് ലഭ്യമാകുവാൻ അവശേഷിക്കുന്നു | 1-23 |
| 34 | വക്കീൽ ഫീസ് നൽകിയത്-ടി.ഡി.എസ്.കുറവു ചെയ്തില്ല | 1-24 |
| 35 | ലൈഫ്-ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. | 1-25 |
| 36 | സ്യൂട്ട് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല | 1-26 |
| 37 | വൃദ്ധർക്ക് കട്ടിൽ-കട്ടിൽ വിതരണം ചെയ്യാൻ അവശേഷിക്കുന്നു | 1-27 |
| 38 | വയോജനങ്ങൾക്ക് കമ്പ്യൂട്ടർ പരിശീലന പരിപാടി- സബ്സിഡി മാർഗരേഖയ്ക്ക് വിരുദ്ധമായി പ്രൊജക്ട് നടപ്പിലാക്കി | 1-28 |
| 39 | ഇ -ടെണ്ടർ ഫീസിനത്തിൽ വരവ് വന്ന തുക പഞ്ചായത്ത് ഫണ്ടിലേക്ക് അടവാക്കിയില്ല-പലിശയിനത്തിൽ നഷ്ടം | 1-29 |
| 40 | റോഡ് കണക്ടിവിറ്റി മാപ്പ്- പ്രവൃത്തി പൂർത്തീകരിക്കേണ്ടതാണ് | 1-30 |
| 41 | നിക്ഷേപ പ്രവൃത്തികൾക്ക് ലഭിച്ച വിനിയോഗ സാക്ഷ്യപത്രം അക്കൗണ്ട്സിൽ ക്രമീകരിച്ചിട്ടില്ല. | 1-31 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സ്ഥിര നിക്ഷേപം | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4-11 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1) കേരള പഞ്ചായത്ത് രാജ് ആക്റ്റ് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് **27.07.2023 ലെ 2/1** -ാം നമ്പർ പഞ്ചായത്ത് കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 3**0.07.2023-ാം** തീയതിയിൽ പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള **വരാപ്പുഴ ഗ്രാമ പഞ്ചായത്തിന്റെ** മാർച്ച് 2023 ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതിവരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2)C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/ മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

### വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, **വരാപ്പുഴ ഗ്രാമ പഞ്ചായത്തിന്റെ 2022-23** വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

**സ്ഥലം: കാക്കനാട്**
**തീയതി:05.12.2023**

**ഡെപ്യൂട്ടി ഡയറക്ടർ**

## 1-1-1 വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011,ചട്ടം 62 (എഫ്)) പ്രകാരം ഉൾപ്പെടുത്തേണ്ട അടിസ്ഥാന അനുപാതങ്ങൾ വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

**1-1-2 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല**

വാർഷിക കണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹69,85,243/- യാണ്. എന്നാൽ ഇതേ പത്രികയിൽ 2022-23 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹11,82,749/- യാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകളും പൊരുത്തപ്പെടുന്നില്ല.

**1-1-3 ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും നടത്തിയിട്ടില്ല**

26/07/2011-ലെ ജി.ഒ (എം.എസ്)152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. സുസ്ഥിര ആസ്തി, ഉൽപാദന മേഖല ആസ്തി, സേവന മേഖല ആസ്തി, ഇൻഫ്രാസ്ട്രക്ചർ ആസ്തി, തദ്ദേശ സ്ഥാപന ആസ്തി, വിട്ടുകിട്ടിയ സ്ഥാപന ആസ്തി തുടങ്ങിയ ആസ്തി വിഭജന മാനദണ്ഡങ്ങളിലുള്ള ആസ്തി ഡേറ്റാബേസ് പഞ്ചായത്തിൽ നിലവിലില്ല. ആയതിനാൽ വിവിധ മേഖല ഷെഡ്യൂളുകളിൽ 31/03/2023 ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആസ്തികളുടെ വിവരത്തിന്റെയും മൂല്യത്തിന്റെയും ആധികാരികതയും കൃത്യതയും വ്യക്തമല്ല. ILGMS-ൽ ആസ്തി മൊഡ്യൂൾ തയ്യാറാക്കിയ ശേഷം കൃത്യമായി വർഗ്ഗീകരിച്ച ആസ്തികളുടെ വിവരവും മൂല്യവും അക്കൗണ്ട് ചെയ്യേണ്ടതാണ്.

**1-1-4 സ്റ്റോക്ക് രജിസ്റ്റർ പ്രകാരമുള്ള സ്റ്റോക്കിന്റെ മൂല്യം ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല**

സ്റ്റോക്ക് രജിസ്റ്റർ പ്രകാരമുള്ള സ്റ്റോക്കിന്റെ മൂല്യം ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

**1-1-5 ഭൂമിയുടെ വില ആസ്തിയിൽ ഉൾപ്പെടുത്തിയിട്ടില്ല**

ബാലൻസ് ഷീറ്റ് B-11 ഷെഡ്യൂളിൽ ആസ്തി രേഖപ്പെടുത്തിയിരിക്കുന്നതിൽ ഭൂമിയുടെ ആസ്തി വിവരങ്ങൾ തിട്ടപ്പെടുത്തി വാർഷിക കണക്കുകളിൽ ചേർത്തിട്ടില്ല.

**1-1-6 നിക്ഷേപ പ്രവൃത്തിക്ക് നൽകിയ തുക R&P സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയില്ല**

നിക്ഷേപ പ്രവൃത്തിക്കായി കെ.എസ്.ഇ.ബിക്ക് നൽകിയ ₹2,87,653/- R&P സ്റ്റേറ്റ്മെന്റിൽ അഡ്വാൻസ് ഹെഡിൽ ഉൾപ്പെടുത്തിയിട്ടില്ല. എന്നാൽ ജേർണൽ വൗച്ചർ മുഖേന വാർഷിക കണക്കിൽ ഉൾപ്പെടുത്തി ബി-18 ഷെഡ്യൂളിൽ നീക്കിയിരുപ്പായി കാണിച്ചിട്ടുണ്ട്.

**1-1-7 സ്ട്രീറ്റ് ടാപ്പുകളുടെ വെള്ളക്കരം അടവാക്കിയ തുക പൂർണ്ണമായും അക്കൗണ്ട്സിൽ ചെലവായി രേഖപ്പെടുത്തിയിട്ടില്ല**

സ്ട്രീറ്റ് ടാപ്പിന്റെ വെള്ളക്കരം ഇനത്തിൽ ₹18,48,708/- ഓഡിറ്റ് വർഷം അടവാക്കിയിട്ടുണ്ടെങ്കിലും Operations And Maintenance (P) : I – 12 ഷെഡ്യൂളിൽ 230110101 Water Charge For KWA Street Tap എന്ന ശീർഷകത്തിൽ ചെലവായി കാണിച്ചിരിക്കുന്നത് ₹15,66,958/- മാത്രമാണ്.

**1-1-8 വാർഷിക ധനകാര്യപത്രികയിലെ പലിശ തുകയും ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള പലിശ തുകയും തമ്മിൽ വ്യത്യാസം**

ധനകാര്യ പത്രികയിലെ RP-9 ഷെഡ്യൂൾ പ്രകാരവും I-8 ഷെഡ്യൂൾ പ്രകാരവും Interest Earned എന്ന ഹെഡിൽ വരവ് കാണിച്ചിരിക്കുന്നത് ₹1,44,144/- ആണ്. എന്നാൽ ടി അക്കൗണ്ട് ഹെഡിന്റെ ലെഡ്ജർ റിപ്പോർട്ട് പ്രകാരമുള്ള വിവിധ ബാങ്ക് അക്കൗണ്ടുകളിലെ പലിശ തുക ബാങ്ക് സ്റ്റേറ്റുമെന്റ് പ്രകാരം ₹72,462/- ആണ്.

## 1-1-9 സി.എഫ്.സി ഗ്രാന്റിന്റെ പലിശ വരവ് പൂർണ്ണമായി കണക്കാക്കിയിട്ടില്ല

സി. എഫ്. സി ഗ്രാന്റിന്റെ വരവ് അലോട്ട്മെന്റ് ₹25,83,000/-യും ബാങ്ക് പലിശ ₹52,282/-യും കൂടി ആകെ ₹26,35,282/- എന്നാണ് എ.എഫ്.എസ്.ൽ കാണിച്ചിരിക്കുന്നത്. എന്നാൽ സി. എഫ്. സി ഗ്രാന്റിന്റെ ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം തൻവർഷം ബാങ്ക് പലിശ ഇനത്തിൽ ലഭിച്ചിരിക്കുന്ന തുക ₹79,908/-യാണ് .

## 1-1-10 സ്ഥിര നിക്ഷേപങ്ങളുടെ പലിശ വാർഷിക ധനകാര്യ പത്രികയിൽ കാണിച്ചിട്ടില്ല

13.10.2022 തിയതിയിൽ പുതുക്കിയ ₹50,00,000/- (10,00,000x5) സ്ഥിര നിക്ഷേപങ്ങളുടെ പലിശ സ്ഥിര നിക്ഷേപത്തൊടൊപ്പം കൂട്ടിയിട്ടുണ്ടെങ്കിലും വാർഷിക ധനകാര്യ പത്രികയിൽ പലിശത്തുകയായ ₹3,37,500/- കാണിച്ചിട്ടില്ല.

## 1-2 ബജറ്റ്

വരാപ്പുഴ ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള കരട് ബജറ്റ് എസ്റ്റിമേറ്റ് ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെ 17.02.2022ലെ 2-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ച് പഞ്ചായത്ത് കമ്മിറ്റിക്ക് സമർപ്പിച്ചിട്ടുണ്ട്. ആയത് 24.03.2022ലെ 1-ാം നമ്പർ തീരുമാനപ്രകാരം പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച് പാസ്സാക്കിയിട്ടുണ്ട്. 02.03.2023ലെ 6/1 -ാം നമ്പർ തീരുമാനപ്രകാരം ബജറ്റ് പരിഷ്ക്കരിച്ചിട്ടുണ്ട്.

| | ബജറ്റ് എസ്റ്റിമേറ്റ് (തീരുമാനം 1 തീയതി 24.03.2022) | പരിഷ്ക്കരിച്ച ബജറ്റ് എസ്റ്റിമേറ്റ് (തീരുമാനം 6/1 തീയതി 02.03.2023) |
|---|---|---|
| മുന്നിരുപ്പ് | ₹62,22,609/- | ₹1,54,68,359/- |
| വരവ് | ₹24,76,62,500/- | ₹24,37,81,142/- |
| ആകെ വരവ് | ₹25,38,85,109/- | ₹25,92,49,501/- |
| ചെലവ് | ₹25,16,43,500/- | ₹24,77,62,142/- |
| നീക്കിയിരുപ്പ് | ₹22,41,609/- | ₹1,14,87,359/- |

## 1-3 സാമ്പത്തിക വിശകലനം(റസീപ്റ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം)

| | |
|---|---|
| 01.04.2022 ലെ മുന്നിരിപ്പ് | ₹1,40,59,288/- |
| വരവ് | ₹4,28,18,764/- |
| ആകെ | ₹5,68,78,052/- |
| ചെലവ് | ₹3,58,33,521/- |
| 31.03.2023 ലെ നീക്കിയിരിപ്പ് | ₹2,10,44,531/- |

ഈ പത്രികയിലെ ഗ്രാമ പഞ്ചായത്തിന്റെ വരവ് ചെലവുകൾ റസീപ്റ്റ് & പെയ്മെന്റ് അക്കൗണ്ട് ആധാരമാക്കിയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഈ കണക്കുകളിൽ ഉൾപ്പെട്ടിട്ടില്ലാത്ത ഗ്രാന്റുകളുടെയും മറ്റും വരവ് ചെലവുകൾ തുടർ ഖണ്ഡികകളിൽ ഉൾപ്പെടുത്തിയിട്ടുള്ളതാണ്.

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | അലോട്ട്മെന്റ് പ്രകാരം വരവ് | ആകെ | ചെലവ് | ചെലവഴിക്കാതെ ലാപ്സായ തുക | നീക്കിയിരുപ്പ് | റിമാർക്സ് |
|---|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 14808603 | 14808603 | 14808603 | 0 | 0 | (*) 636013 Life Mission വായ്പ തിരിച്ചടച്ച ഇനത്തിൽ സ്രോതസ്സിൽ നിന്ന് കുറവ് ചെയ്ത തുക AFS ൽ ഉൾപ്പെടുത്തിയിട്ടില്ല |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 1365445 | 1365445 | 1365445(*) | 0 | 0 | (*)97648/- Life Mission വായ്പ തിരിച്ചടവ് (GO Project) AFS ൽ ഉൾപ്പെടുത്തിയിട്ടില്ല |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 15098000 | 15098000 | 13642566 (*) | 1370185 | 0 | (*) 85249 Queue Bills |

| | | | | | | | |
|---|---|---|---|---|---|---|---|
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 4943000 | 4943000 | 4610833 | 332167 | 0 | |
| ധനകാര്യ കമ്മീഷന്റ് അവാർഡ് (Untied-ബാങ്ക്) (Basic Grant) | 110504 | 2583000 + 52282 (പലിശ) | 2745786 | 2499946 (*) | 0 | 245840 | (*) 476726 Capital Contributn & 9 Bank Chrgs |
| ധനകാര്യ കമ്മീഷന്റ് അവാർഡ് (Tied-ട്രഷറി) (Performance Grant) | 0 | 942204 | 942204 | 810844 | 131360 | 0 | |
| ധനകാര്യ കമ്മീഷന്റ് അവാ്ർഡ് (Tied-ബാങ്ക) | 1078920 | 3874000 | 4952920 | 2437308 (*) | 0 | 2515612 | (*) 1274604 Capital Contributn |
| ഹെൽത്ത് ഗ്രാന്റ് (Support For Diagnostic Infrastructure To PHCs) 320100202 | 0 | 370191 | 370191 | 367397 | 0 | 2794 | |
| ഹെൽത്ത് ഗ്രാന്റ് (Conversion Of PHCs & Subcentres To Health & Wellness Centres) 320100204 | 0 | 211694 | 211694 | 209902 | 0 | 1792 | |
| ഐ.സി.ഡി.എസ് 320100196 | 488789 | 1413012 | 1901801 | 226211 (*) | 0 | 1675590 | (*) 35966 Capital Contribution |
| ശുചിത്വ മിഷൻ ഗ്രാന്റ്-Grant For Solid Waste Management 320200304 | 801868 | 0 | 801868 | 333670 | 0 | 468198 | |
| സാക്ഷരത മിഷൻ 320100197 | 3859 | 110 | 3969 | 0 | 0 | 3969 | |
| സമ്പൂർണ്ണ ശുചിത്വം 320300103 | 952931 | 0 | 952931 | 30000 | 0 | 922931 | |
| Rural Housing-Housing For All 320100160 | 0 | 300000 + 180000 (*) | 480000 | 0 | 0 | 480000 | (*) Amt Transfer From Other Specific Purpose Grants |
| Grants For Other Specific Purposes – ജനകീയ ഭവന പദ്ധതി 320200399 | 902705 | 0 | 902705 | 180000 (*) | 0 | 722705 | (*) Amt Transfer To Rural Housing |
| Nirmal Puraskar 320100191 | 142970 | 0 | 142970 | 0 | 0 | 142970 | |
| Other Schemes – ജനനീ പുരസ്ക്കാർ 320100152 | 700 | 0 | 700 | 0 | 0 | 700 | |
| Central Govt Awards & Honours 320100105 | 288681 | 0 | 288681 | 0 | 0 | 288681 | |
| Basic Services To The Urban Poor (BSUP) 320100108 | 535149 | 0 | 535149 | 0 | 0 | 535149 | |
| MP LAD Fund 320200307 | 32 | 0 | 32 | 0 | 0 | 32 | |
| Grant From Other Govt Agencies – Asraya 320300199 | 480500 | 0 | 480500 | 0 | 0 | 480500 | |
| Donations Related To Pandemic/Epidemic Control (Covid) 320900102 | 103360 | 0 | 103360 | 0 | 0 | 103360 | |

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | പദ്ധതി ചെലവ് | നടപ്പാക്കിയത് (എണ്ണം) | പൂർണ്ണമായി നടപ്പാക്കിയത് (എണ്ണം) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്കുകളുടെ % |
|---|---|---|---|---|---|---|---|
| 149 | ₹7,56,55,335 | ₹5,47,96,445 | 127 | 115 | 12 | 22 | 77.18% |

**പദ്ധതി നിർവ്വഹണത്തിൽ വിവിധ ഗ്രാന്റിനങ്ങളുടെ വിനിയോഗ വിവരം.**

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | ചെലവഴിക്കാതെ ലാപ്സായ തുക | നീക്കിയിരുപ്പ് തുക | ചെലവിന്റെ % |
|---|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | ₹14172590 | ₹14172590 | ₹14172590 | ₹0 | ₹0 | 100% |
| വികസന ഫണ്ട് (എസ്.സി.പി) | 0 | ₹1267797 | ₹1267797 | ₹1267797 | ₹0 | ₹0 | 100% |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | ₹15098000 | ₹15098000 | ₹13642566 | ₹1370185 | ₹0 | 90.36% |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | ₹4943000 | ₹4943000 | ₹4610833 | ₹332167 | ₹0 | 93.28% |
| ധനകാര്യ കമ്മീഷന്റ അവാർഡ് (Basic Grant) | ₹ 110504 | ₹2583000 + 52282 (പലിശ) | ₹2745786 | ₹2499946 | 0 | ₹245840 | 91.04% |
| ധനകാര്യ കമ്മീഷന്റ അവാർഡ് (Tied) | ₹1078920 | ₹4816204 | ₹5895124 | ₹3248152 | ₹131360 | ₹2515612 | 55.09% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 0 | 7,30,408 | 7,30,408 | 3,51,641 | 3,78,767 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 1,49,52,830 | 1,49,52,830 | 1,49,52,830 | 0 |
| **ആകെ** | **0** | **1,56,83,238** | **1,56,83,238** | **1,53,04,471** | **3,78,767** |

## 1-7 ക്ഷേമ പദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷക തൊഴിലാളി പെൻഷൻ | 3129100 | 240 |
| വിധവാ പെൻഷൻ | 13661900 | 1103 |
| വാർദ്ധക്യകാല പെൻഷൻ | 32572400 | 2813 |
| വികലാംഗ പെൻഷൻ | 3884800 | 308 |
| 50 വയസ്സിനു മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 694100 | 57 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 450000 | 15 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 21.09.2023 തീയതിയിൽ 3.54 P.M ന് സ്ഥാപന തലവന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹67833/- യുടെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ചുവടെ ചേർക്കുന്ന പരാമർശങ്ങളിലേക്ക് ഭരണാധികാരികളുടെ ശ്രദ്ധ ക്ഷണിക്കുന്നു.

1. ഭരണ സമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി ഒരു വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

2. കാലഹരണപ്പെട്ടതും പ്രവർത്തന രഹിതവുമായ ആസ്തികൾക്ക് പ്രത്യേക രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആസ്തികൾ കയ്യൊഴിയുന്നതുമായി ബന്ധപ്പെട്ട വിവരങ്ങളൊന്നും തന്നെ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല. തന്മൂലം പഞ്ചായത്തിലെ ആസ്തികളുടെ കൃത്യമായ കണക്ക് വിവരം ലഭ്യമാകുന്നില്ല.

3. പുതുതായി സൃഷ്ടിക്കപ്പെടുന്ന ആസ്തികൾ അതിന്റെ യഥാർഥമൂല്യത്തോടെയും, ചട്ടത്തിൽ നിഷ്കർഷിക്കുന്ന ഡിപ്രിസിയേഷൻ നല്കിയും ആസ്തി രജിസ്റ്ററിൽ ചേർത്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

4. 2003 ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസനിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ പ്രകാരം പ്രസ്തുത നിധിയിലേക്ക് ധനസമാഹരണം നടത്തി അതിൽ നിന്നും ദുരിതമനുഭവിക്കുന്നവർക്ക് സഹായം നൽകുന്നതിനുള്ള സത്വരനടപടികൾ സ്വീകരിക്കേണ്ടതാണ്.

5. തീർപ്പാക്കാൻ ശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുവാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 20.10.2022 | 01.10.2021 മുതൽ 31.03.2022 വരെ | 01.11.2022 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 27.08.2016 | 2011 മുതൽ 2015-16 വരെ | 07.10.2016 |

## 1-11 തനതു വരുമാനം -പൊതു അവലോകനം

എറണാകുളം ജില്ലയിൽ പറവൂർ താലൂക്കിൽ ആലങ്ങാട് ബ്ലോക്കിൽ ആകെ 16 വാർഡുകളിലായി സ്ഥിതി ചെയ്യുന്ന വരാപ്പുഴ ഗ്രാമപഞ്ചായത്തിന്റെ വാടക, ഫീസ്, ലേലം തുടങ്ങി നികുതിയേതര വരവുകളും, നികുതി വരവുകളും പരിശോധിച്ചതിൽ തനതു വരുമാനം മെച്ചപ്പെടുത്തുന്നതു സംബന്ധിച്ച നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

1) പഞ്ചായത്തിന്റെ ആസ്തികളിൽ വാടക, ലേലം /പാട്ടത്തിനു നൽകാവുന്ന സംഗതികളിൽ വരുമാനം നഷ്ടം സംഭവിക്കാതിരിക്കാനും വരുമാനം വർദ്ധിപ്പിക്കുതിനുമായി തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഉദാ:- എ) വാടകക്ക് നൽകിയ സ്റ്റാളുകൾക്കും ചില കടമുറികൾക്കും നമ്പറുകൾ നൽകാത്തതിനാലും, വാടകക്ക് എടുത്തിരിക്കുന്നവരുമായി കരാർ ചമക്കാത്തതിനാലും കടമുറി കൈമാറ്റം ചെയ്യപ്പെടാനും പഞ്ചായത്തിനു വരുമാന നഷ്ടം സംഭവിക്കാനും സാധ്യത ഉണ്ട്.

ബി) വരാപ്പുഴ കംഫർട്ട് സ്റ്റേഷൻ നടത്തിപ്പ്, ദേവസ്വം പാടം ഫിഷ് ലാന്റിംഗ് കെട്ടിടം ഉപയോഗിക്കുന്നതിനുള്ള അവകാശം, പുത്തൻപള്ളി വലിയകുളം എന്നിവ ലേലം നടത്തിയിട്ടില്ല. ഇതു സംബന്ധിച്ചു നൽകിയ ഓഡിറ്റ് അന്വേഷണത്തിനു (നം14/26.09.23) വരാപ്പുഴ കംഫർട്ട് സ്റ്റേഷൻ, ദേവസ്വം പാടം ഫിഷ് ലാന്റിംഗ് കെട്ടിടം എന്നിവ മോശമായ അവസ്ഥയിലായതിനാൽ 173/24, 110/24 എന്നീ പദ്ധതികൾ പ്രകാരം മെയിന്റനൻസ് നടത്തുന്നതാണെന്നും ആയതിനു ശേഷം ലേലംനടപടി സ്വീകരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി. കുളം ലേലം 2016-17 ൽ നടത്തിയതാണെങ്കിലും കുളം തോട്ടിലേക്കു ബന്ധിപ്പിച്ചിരിക്കുന്നതിനാൽ നിലവിൽ ലേലം പ്രായോഗികമല്ല എന്നുള്ള മറുപടി ആണ് ലഭ്യമാക്കിയത്. ദേവസ്വം പാടം ഫിഷ് ലാന്റിംഗ് കെട്ടിടമുറ്റം ടൈൽ വിരിച്ച് ചെമ്മീൻ ഉണക്കുന്നതിനായി 2023-24ൽ ലേലം

ചെയ്തു നൽകിയത് ശ്ലാഘനീയമായ പ്രവൃത്തിയാണ്.

സി) പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള പപ്പൻ സ്മാരക വോളിബോൾ ഇൻഡോർ സ്റ്റേഡിയം ബുക്ക് ചെയ്ത ഇനത്തിലും മെമ്പർഷിപ്പ് അടവാക്കിയ ഇനത്തിലും കമ്മ്യൂണിറ്റി ഹാൾ വാടകയിനത്തിലും പഞ്ചായത്തിനു തൻവർഷം വരുമാനമുണ്ട്. എന്നാൽ സ്റ്റേഡിയം ബുക്കിംഗ് ഫീ, വാടക എന്നിവ നിശ്ചയിക്കുന്നതിനു ബൈലോ തയ്യാറാക്കിയിട്ടില്ല.വരുമാന ചോർച്ച ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

II) ട്രേഡേഴ്സ് ലിസ്റ്റ് രേഖപ്പെടുത്തലുകൾ പൂർണ്ണമല്ല. കാലികമാക്കിയ ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരം ഡിമാന്റ് നിർണ്ണയിച്ച് ഗ്രാമപഞ്ചായത്ത് പരിധിയ്ക്കകത്തെ ലൈസൻസ് എടുക്കാൻ ബാദ്ധ്യസ്ഥരായ എല്ലാപേരും കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 232, 233 2017 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപരങ്ങൾക്കും, സംരഭക പ്രവർത്തനങ്ങൾക്കും, മറ്റു സേവനങ്ങൾക്കും ലൈസൻസ് നല്കൽ) ഭേദഗതി ചട്ടങ്ങളിലെ വ്യവസ്ഥകൾ പ്രകാരം ലൈസൻസ് എടുത്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

III) ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കുമ്പോൾ വസ്തുനികുതി അടവാക്കാത്ത വാണിജ്യ കെട്ടിടങ്ങൾ പ്രവർത്തിക്കുന്നുണ്ടോ എന്ന കാര്യത്തിൽ ഫീൽഡ് പരിശോധന നടത്തി കൃത്യതവരുത്തേണ്ടതും ലൈസൻസ് അപേക്ഷ സ്വീകരിക്കുന്ന സമയത്ത് നികുതി അടവ് വിവരം പരിശോധിക്കേണ്ടതുമാണ്.

IV) കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019 (G.O.(P) No.78/2019/LSGD/2.11.2019) ലെ ചട്ടം 21പ്രകാരം ഗ്രാമപഞ്ചായത്തിന് പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ് നടത്താവുന്നതാണ്. അനധികൃത കൂട്ടിച്ചേർക്കലുകൾ, മാറ്റം വരുത്തൽ, വിപുലീകരണം, ഉപയോഗമാറ്റം എന്നിവ വരുത്തിയിട്ടുണ്ടോയെന്നറിയാനാണ് ഇപ്രകാരം പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ് നടത്തേണ്ടത്. വ്യാവസായിക പ്രവൃത്തിയുടെ അടിസ്ഥാനത്തിൽ IFTE & OS ലൈസൻസെടുത്തിട്ടുള്ള കെട്ടിടങ്ങൾ സഞ്ചയയിൽ ഉപയോഗ ക്രമം മാറിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

V) വസ്തുനികുതി- റോഡിന്റെ വീതിക്ക് ബാധകമായ നികുതി വർദ്ധനവ് വരുത്തിയിട്ടുണ്ടോ എന്ന പരിശോധന അനിവാര്യമാണ്.

VI) 1994 ലെ പഞ്ചായത്ത് രാജ് നിയമം 200(2) വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്തിന് തെരുവ് വിളക്ക്, കുടിവെള്ള വിതരണ സേവനങ്ങൾ ഏർപ്പെടുത്തിയിടത്തെല്ലാം സേവന നികുതി ചുമത്താവുന്നതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. 2011 ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26, 27, 28 പ്രകാരം ഗ്രാമപഞ്ചായത്ത് നൽകുന്ന സേവനങ്ങളുടെ അടിസ്ഥാനത്തിൽ സേവന ഉപനികുതി വസ്തുനികുതിയോടൊപ്പം ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ ഈടാക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നുണ്ട്. ആയതിനാൽ തെരുവ് വിളക്ക്, കുടിവെള്ള വിതരണ സേവനങ്ങൾ ഏർപ്പെടുത്തിയ പ്രദേശത്തിലോ/ ഏതെങ്കിലും പ്രദേശങ്ങളിലോ ചട്ടപ്രകാരം സേവന ഉപനികുതി പിരിക്കേണ്ടതാണ്. ആയത് ഈടാക്കുന്നതിനുള്ള സാധ്യത ഭരണസമിതി പരിശോധിക്കേണ്ടതാണ്.

VII) തൊഴിൽ നികുതി ഡിമാന്റ് നടപടികൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിലൂടെ നികുതിയിനത്തിലുള്ള വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്.

VIII) പഞ്ചായത്തിൽ ഇ-പേയ്മെന്റ്സ് സ്വീകരിക്കുന്നതിനായി ഉപയോഗപ്പെടുത്തുന്നത് എസ്.ബി.ഐ യുടെ വരാപ്പുഴ ബ്രാഞ്ചിലുള്ള കറന്റ് അക്കൗണ്ടാണ് (നം. 36890603166). AFS പ്രകാരം ഈ അക്കൗണ്ടിൽ ₹10775323/- നീക്കിയിരുപ്പ് ഉള്ളതായി കാണുന്നു. ഇപ്രകാരം ഇ-പേയ്മെന്റ്സ് വഴി ഈ അക്കൗണ്ടിൽ ലഭിക്കുന്ന തുകകൾ നിശ്ചിത ഇടവേളകളിൽ സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലേക്ക് അല്ലെങ്കിൽ കൂടുതൽ പലിശ വരവ് ലഭിക്കുന്ന തരത്തിൽ ഓട്ടോ സ്വീപ്പ് അക്കൗണ്ടിലേക്ക് മാറ്റുന്നതിന്റെ സാദ്ധ്യത പ്രയോജനപ്പെടുത്തി പലിശയിനത്തിലുള്ള വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്.

IX) കണ്ടൽക്കാടുകൾ വളർത്തുക വഴി ജലാശയമാർഗ്ഗമുള്ള ടൂറിസം സാധ്യതയും പരിശോധിക്കാവുന്നതാണ്

ഇത്തരം വരുനമാർഗ്ഗങ്ങൾ വർദ്ധിപ്പിക്കാൻ ഉതകുന്ന നടപടികൾ ഭരണ സമിതിയുടെ ഭാഗത്തുനിന്നും ഊർജ്ജിതപ്പെടുത്തേണ്ടതാണ്. ആയവ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി യോഗങ്ങളിൽ ചർച്ചചെയ്യുകയും ചട്ടവിധേയമായി നൂതന ആശയങ്ങൾ നടപ്പിലാക്കാവുന്നതുമാണ്.

## 1-12 ലൈഫ് മിഷൻ വായ്പ – ബാദ്ധ്യതയില്ലാതിരുന്നിട്ടും തുക ഉത്ഭവത്തിൽ കുറവ് ചെയ്തു

ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ട്സിലെ B-5 ഷെഡ്യൂൾ (Secured Loans) പ്രകാരം ലൈഫ് ഭവന പദ്ധതിക്കായുള്ള (ജനറൽ), (എസ്.സി.പി) ലോൺ തുകയായി മുതൽ ഇനത്തിൽ വർഷാരംഭത്തിൽ തിരിച്ചടക്കുവാൻ ബാക്കിയില്ല. ഓഡിറ്റ് വർഷത്തിൽ ഗ്രാമപഞ്ചായത്ത് ഈ പദ്ധതിക്കായി ലോൺ എടുത്തിട്ടില്ല. എന്നാൽ 2019-20 വർഷം മുതൽ 2022-23 വർഷം വരെ തിരിച്ചടക്കുവാനുള്ള മുതൽ, പലിശ ഇനത്തിൽ വികസന ഫണ്ടിൽ (ജനറൽ) നിന്നും ഉത്ഭത്തിൽ കുറവ് ചെയ്തിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | സർക്കാർ ഉത്തരവ് നം, തിയതി | ജി.ഒ.പ്രോജക്ട് നം. | ഗ്രാന്റ് ഇനം | തുക |
|---|---|---|---|---|
| 2019-20 | സ.ഉ.(സാധ) നം. 6105/2019/ ധന/01.08.2019 | പ്രോജക്ട് തയ്യാറാക്കിയിട്ടില്ല | ജനറൽ | ₹ 1,83,824/- |
| | സ.ഉ.(സാധ) നം. 10050/2019/ ധന/21.12.2019 | | ജനറൽ | ₹ 1,83,823/- |
| 2020-21 | സ.ഉ.(സാധ) നം. 4461/2020/ ധന/03.08.2020 | പ്രോജക്ട് തയ്യാറാക്കിയിട്ടില്ല | ജനറൽ | ₹ 2,41,510/- |
| | സ.ഉ.(സാധ) നം. 43/2020/ ധന/01.01.2021 | | ജനറൽ | ₹ 2,41,510/- |
| 2021-22 | സ.ഉ.(സാധ) നം. 5206/2021/ ധന/30.07.2021 | പ്രോജക്ട് തയ്യാറാക്കിയിട്ടില്ല | ജനറൽ | ₹ 2,20,000/- |
| | സ.ഉ.(സാധ) നം. 22/2022/ ധന/01.01.2022 | | ജനറൽ | ₹ 2,64,000/- |
| 2022-23 | സ.ഉ.(സാധ) നം. 6872/2022/ ധന/12.10.22 | എസ്.0181/23 | ജനറൽ | ₹ 3,18,007/- |
| | സ.ഉ.(സാധ) നം. 6872/2022/ ധന/12.10.22 | എസ്.0182/23 | എസ്.സി.പി | ₹ 97,648/- |
| | സ.ഉ.(സാധ) നം. 1049/2023/ ധന/13.02.23 | എസ്.0180/23 | ജനറൽ | ₹ 3,18,006/- |
| | | | **ആകെ** | **₹20,68,328/-** |

ഗ്രാമപഞ്ചായത്ത് 2019-20 സാമ്പത്തിക വർഷം മുതൽ 2022-23 വർഷം വരെ വായ്പ ഇനത്തിൽ തുകയൊന്നും എടുത്തിട്ടില്ല എന്നും ടി കാലയളവിൽ വികസന ഫണ്ടിൽ നിന്ന് ഗഡുക്കളായി ഉത്ഭത്തിൽ നിന്നും ₹ 20,68,328/- ലൈഫ് മിഷൻ ഭവന പദ്ധതി വായ്പ മുതൽ തിരിച്ചടവ് ഇനത്തിൽ കുറവ് ചെയ്തിട്ടുണ്ട് എന്ന് അറിയിച്ച് 2020 മുതൽ വിവിധ ദിവസങ്ങളിൽ കത്ത് നൽകിയിട്ടും നടപടി ഉണ്ടായില്ല.

ലൈഫ് മിഷൻ ഭവന പദ്ധതിക്കായി ഹഡ്കോയിൽ നിന്ന് കെ.യു.ആർ.ഡി.എഫ്.സി. മുഖേന ലോൺ സാഗ്ഷനായി കരാറിൽ ഏർപ്പെട്ടിരിക്കുന്നത് 09.05.2023 ലാണ്. ആദ്യ സ്കീമിലെ ഒന്നാം ഗഡു തുകയായ ₹ 39,60,000/- 20.07.2023 ൽ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്.

ലൈഫ് ഭവന പദ്ധതിക്കായുള്ള (ജനറൽ), (എസ്.സി.പി) ലോൺ തുകയായി ഗ്രാമപഞ്ചായത്തിൽ മുതൽ ഇനത്തിൽ വർഷാരംഭത്തിൽ തിരിച്ചടക്കുവാൻ ബാക്കിയില്ലയെന്നിരിക്കെ ഗ്രാമപഞ്ചായത്തിന്റെ അർഹതപ്പെട്ട ഗ്രാന്റ് തുക ഉറവിടത്തിൽ നിന്ന് കുറവ് ചെയ്തത് ഉചിതമല്ല. പ്രസ്തുത തുക സർക്കാരിൽ നിന്ന് തിരികെ ലഭിക്കുവാൻ അർഹതയുള്ളതിനാൽ ആയത് തിരികെ ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും, ലഭ്യമായാൽ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-13 തനത് ഫണ്ട് ബാങ്ക് നീക്കിയിരിപ്പ് തുക സംബന്ധിച്ച്

ഗ്രാമ പഞ്ചായത്തിന്റെ ബാങ്ക് അക്കൗണ്ടുകൾ പരിശോധിച്ചതിൽ നീക്കിയിരുപ്പ് സംബന്ധിച്ച് പരാമർശം ചുവടെ ചേർക്കുന്നു
1. ബാങ്ക് അക്കൗണ്ടിൽ പലിശ ലഭിക്കുന്നില്ല.

പഞ്ചായത്തിന്റെ നികുതി നികുതിയേതര വരവുകളുടെ ഓൺലൈൻ പേയ്മെന്റിനായുള്ള എസ്.ബി.ഐ യിലെ അക്കൗണ്ട് നം. 36890603166 കറന്റ് അക്കൗണ്ട് ആയതിനാൽ പലിശ ലഭിക്കുന്നില്ല. പ്രസ്തുത ബാങ്ക് അക്കൗണ്ടിൽ 31.03.2023 ൽ ₹1,07,75,323/- നീക്കിയിരുപ്പുണ്ട്. ടി അക്കൗണ്ടിലെ നീക്കിയിരിപ്പ് തുക സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യാത്തതു മൂലം പലിശയിനത്തിൽ പഞ്ചായത്തിന് ലഭിക്കേണ്ട തുക നഷ്ടമായിട്ടുണ്ട്. തുക കറന്റ് അക്കൗണ്ടിൽ തന്നെ നിലനിർത്തിയിരിക്കുന്നതിന് വിശദീകരണം ലഭ്യമാക്കണമെന്ന് അറിയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (8/23.09.23) ലഭ്യമാക്കിയ മറുപടിയിൽ പ്രസ്തുത തുക പലിശ ലഭിക്കുന്ന അക്കൗണ്ടിലേക്ക് മാറ്റുന്നതാണെന്ന് അറിയിച്ചു.

2. ബാങ്ക് അക്കൗണ്ടിൽ നാലു വർഷത്തിലേറെയായി പണമിടപാട് നടക്കുന്നില്ല.
യൂണിയൻ ബാങ്ക് വരാപ്പുഴ ശാഖയിലെ അക്കൗണ്ട് നം. 520101038885820 ൽ അവസാനമായി പണമിടപാട് നടന്നിരിക്കുന്നത് 30.04.2019 ലാണ്. ടി തിയതിക്ക് ശേഷം അക്കൗണ്ടിൽ പലിശ വരവ് മാത്രമാണുള്ളത്. ബാങ്ക് സ്റ്റേറ്റുമെന്റ് പ്രകാരം 31.03.2023 ൽ ₹1,18,059/- നീക്കിയിരുപ്പുണ്ട്. ഏതാവശ്യത്തിനായി ആരംഭിച്ചതാണ് ഈ അക്കൗണ്ട് എന്നും നിലവിൽ പണമിടപാട് നടത്താത്തതിന്റെ കാരണവും ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (8/23.09.23) ലഭ്യമാക്കിയ മറുപടിയിൽ പ്രസ്തുത അക്കൗണ്ട് നിർത്തലാക്കി പലിശ ലഭിക്കുന്ന അക്കൗണ്ടിലേക്ക് മാറ്റുന്നതാണെന്ന് അറിയിച്ചു.

## <u>1-14 പപ്പൻ സ്മാരക വോളിബോൾ സ്റ്റേഡിയം ,കമ്മ്യൂണിറ്റി ഹാൾ-വാടക നിരക്കുകൾ നിശ്ചയിച്ച വിവരം ലഭ്യമല്ല</u>

<u>1. പപ്പൻ സ്മാരക വോളിബോൾ ഇൻഡോർ സ്റ്റേഡിയം</u>

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള പപ്പൻ സ്മാരക വോളിബോൾ ഇൻഡോർ സ്റ്റേഡിയം ബുക്ക് ചെയ്ത ഇനത്തിലും മെമ്പർഷിപ്പ് അടവാക്കിയ ഇനത്തിലും പഞ്ചായത്തിനു തൻവർഷം വരുമാനമുണ്ട്. എന്നാൽ വരുമാനം സംബന്ധിച്ച് കൃത്യമായി ഫയൽ സൂക്ഷിക്കുന്നില്ല. വോളിബോൾ അല്ലാതെ ബാഡ്മിന്റൺ പോലുള്ള മത്സരങ്ങൾക്ക് സ്റ്റേഡിയം വിട്ടു കൊടുത്തിട്ടുണ്ടോയെന്നോ സ്റ്റേഡിയം ഏതെല്ലാം ദിവസം ഏതെല്ലാം മൽസരങ്ങൾക്ക്/ പ്രാക്റ്റീസുകൾക്ക് വാടകക്ക് കൊടുത്തു എന്നോ എത്ര പേർക്ക് എൻട്രി പാസ്സ്, മെമ്പർഷിപ്പ് നൽകി എന്നോ, ഫ്രീ പാസ്സ് വിവരങ്ങളിലോ വ്യക്തതയില്ല. കരട് ബൈലോ തയ്യാറാക്കുന്നതിന് 14.09.2020 ലെ പഞ്ചായത്ത് കമ്മറ്റിയുടെ അടിയന്തിര യോഗം, തീരുമാനം നമ്പർ 4/1 പ്രകാരം വികസന, ആരോഗ്യ, വിദ്യഭ്യാസ കാര്യ സ്റ്റാന്റിംഗ് കമ്മറ്റികളെ ചുമതലപ്പെടുത്തിയെങ്കിലും വ്യക്തമായ ബൈലോ തയ്യാറാക്കുകയോ അംഗീകരിക്കുകയോ ചെയ്തതായി കാണുന്നില്ല. വാർഷിക ധനകാര്യപത്രിക ലെഡ്ജർ ഹെഡ് 130300101 (Rent From Hall & Auditorium) പ്രകാരം ₹84,746/-യും 130800199-(Other Rents) പ്രകാരം ₹4500/-യും 140400199-(Other Fees) പ്രകാരം 09.11.22, 31.12.22 എന്നീ തീയതികളിലായി 16 പേരിൽ നിന്നായി ₹1500/- നിരക്കിൽ ₹24000/-യും പപ്പൻ സ്മാരക വോളിബോൾ ഇൻഡോർ സ്റ്റേഡിയം സംബന്ധിച്ച് വരവുണ്ട്. വരവ് ചെലവുകൾ തയ്യാറാക്കിയതായി ഫയലിൽ രേഖപ്പെടുത്തലുകളില്ല. മെമ്പർഷിപ്പ് ഫീ, എൻട്രി പാസ്സ്, സ്റ്റേഡിയം വാടക എന്നിവയുടെ നിരക്കുകൾ നിശ്ചയിച്ചതു സംബന്ധിച്ച കമ്മറ്റി തീരുമാനം ലഭ്യമാക്കേണ്ടതാണ്.

<u>2. കമ്മ്യൂണിറ്റി ഹാൾ</u>

പഞ്ചായത്തിന് കമ്മ്യൂണിറ്റി ഹാൾ വാടകയിനത്തിൽ ₹342500/- രൂപ തൻവർഷം വരവുണ്ട്. ₹15000/-, ₹10000/-, ₹5000/-, ₹3000/-, ₹2500/-, ₹2000/- എന്നീ വിവിധ നിരക്കുകൾ ഈടാക്കിയതായി ധനകാര്യ പത്രികയിലെ 130300101, 130800199 എന്നീ ഹെഡുകളിലെ ലെഡ്ജർ പ്രകാരം കാണുന്നുണ്ട്. വാടക നിരക്ക് നിശ്ചയിച്ചതു സംബന്ധിച്ച കമ്മറ്റി തീരുമാനം ലഭ്യമാക്കേണ്ടതാണ്. ഹാളിന്റെ നടത്തിപ്പ് സംബന്ധിച്ച ബൈലോയും ലഭ്യമാക്കേണ്ടതാണ്.

മേൽ അപാകതകൾ സൂചിപ്പിച്ചു നൽകിയ ഓഡിറ്റ് അന്വേഷണത്തിനു (നം

16/26.09.23)മറുപടി ലഭ്യമാക്കിയിട്ടില്ല. ബൈലോ തയ്യാറാക്കി അതനുസരിച്ച് നിരക്കുകൾ നിശ്ചയിക്കേണ്ടതും വരുമാനചോർച്ച ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

**1-15 ചട്ടപ്രകാരമല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടോ എന്ന പരിശോധന അനിവാര്യം.**

വരാപ്പുഴ ഗ്രാമ പഞ്ചായത്തിൽ പൈലി അഗസ്റ്റ്യൻ മുക്കത്ത് വീട് എന്ന വ്യക്തിയുടെ പേരിൽ പാർപ്പിട ഗണത്തിൽ ഉൾപ്പെടുന്ന 5/118 എന്ന നമ്പറുള്ള വീടിനോട് ചേർന്ന് അനധികൃത ഷെഡ് നിർമ്മിച്ചതിൽ ജെൻസൻ ഇ എ എന്ന വ്യക്തി പടക്ക നിർമ്മാണം / ശേഖരണം ചെയ്യുകയും 28.02.23 ൽ അവിടെ സ്ഫോടനം നടന്നതിൽ മറ്റൊരു വ്യക്തിക്ക് മരണം സംഭവിക്കുകയും ചെയ്തിരുന്നു. തൻവർഷ വാടക രജിസ്റ്റർ പരിശോധിച്ചതിൽ പഞ്ചായത്തിന്റെ ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ളെക്സ് കെട്ടിടത്തിലെ 13/585 എന്ന കടമുറിയുടെ വാടക ജെൻസൻ ഇ എ ഈരയിൽ വീട് എന്ന വ്യക്തിയുടെ പേരിൽ ആണ് ഈടാക്കിയിട്ടുള്ളത്. ലഭ്യമാക്കിയ ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരം ഇതേ കോംപ്ളെക്സിലെ മറ്റൊരു കടമുറിയുടെ പേരിൽ (13/581) ജെൻസൻ ഇ എ, ഈരയിൽ വീട് എന്ന വ്യക്തി FTE&OS ലൈസൻസ് എടുത്തിട്ടുണ്ട്. (ഇഎജെ ട്രേഡേഴ്സ് എന്ന പേരിൽ ചൈനീസ് പടക്ക സ്റ്റോക്ക് & വിതരണം). എന്നാൽ വാടക രജിസ്റ്റർ പ്രകാരം പഞ്ചായത്ത് ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ളെക്സ് കെട്ടിടത്തിലെ കടമുറികളിൽ 13/581 എന്ന കെട്ടിടമുറി വാടകക്ക് കൊടുത്തിരിക്കുന്നത് ഷനിൽകുമാർ കളത്തിൽ പറമ്പിൽ എന്ന വ്യക്തിക്കാണ്.

ഷെഡ് അനധികൃത നിർമ്മാണം സംബന്ധിച്ച് പഞ്ചായത്ത് സ്വീകരിച്ച നടപടി, 13/581, 13/585 എന്നീ കെട്ടിടമുറികളുടെ വാടക കരാർ, സ്ഥാപനങ്ങൾ ലൈസൻസ് അടവാക്കിയ വിവരം, 13/581, 13/585 എന്നീ കെട്ടിട മുറികളിൽ പ്രവർത്തിക്കുന്നതിന് FTE&OS ലൈസൻസ് നൽകുന്നതിന് അപേക്ഷകർ നൽകിയ 2022-23 ലെ അപേക്ഷ അനുബന്ധ രേഖകൾ എന്നിവ ലഭ്യമാക്കുന്നതിന് ഓഡിറ്റ് അന്വേഷണം നൽകിയെങ്കിലും (15/26.09.23) തൃപ്തികരമായ മറുപടി ലഭിച്ചില്ല. 13/585 എന്ന കെട്ടിടത്തിനു ജെൻസൻ ഇ എ ഈരയിൽ വീട് എന്ന വ്യക്തിയുടെ പേരിൽ വാടകക്കരാർ ഉണ്ടായിരുന്നെന്നും പിന്നീട് റദ്ദ് ചെയ്തെന്നും അപകടത്തെ തുടർന്ന് കെട്ടിടം പോലീസ് സീൽ ചെയ്തെന്നും മുറി തിരികെ കിട്ടാൻ നടപടി സ്വീകരിച്ചിട്ടുണ്ടെന്നും 13/581 കെട്ടിടമുറി കൈവശക്കാരനുമായി (ഷനിൽകുമാർ കളത്തിൽ പറമ്പിൽ) കരാർ വെക്കുന്നതിന് നോട്ടീസ് നൽകിയിട്ടുണ്ടെന്നും ഏലൂർ മുനിസിപ്പാലിറ്റിയിൽ നിന്നും വിട്ടു കിട്ടിയതിനാൽ മാർക്കറ്റിനു ബൈലോ ലഭ്യമല്ല എന്നുമാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. എന്നാൽ അനധികൃത ഷെഡിനെതിരെ നടപടി എടുത്തിരുന്നോ എന്നതിനും പഞ്ചയത്ത് അടക്കം സ്ഥിതി ചെയ്യുന്ന ഷോപ്പിംഗ് കോംപ്ളെക്സിൽ ലൈസൻസെടുക്കാതെ 13/585 ലെ സ്ഥാപനവുമായി വാടകകരാർ വെച്ചതിനും പ്രവർത്തിക്കാനനുവദിച്ചതിനും മറുപടി ലഭ്യമാക്കിയിട്ടില്ല.

ടി കെട്ടിടങ്ങളുടെ വാടക കരാർ, ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലെക്സ് വാടക ബൈലോ, സ്ഥാപനങ്ങളുടെ ലൈസൻസിനുള്ള അപേക്ഷ, ലൈസൻസ് ഫീ അടവാക്കിയ വിവരം എന്നിങ്ങനെ ഓഡിറ്റ് അന്വേഷണത്തിൽ ആവശ്യപ്പെട്ട രേഖകൾ ഒന്നും ലഭ്യമാക്കിയിട്ടില്ല. പരിശോധന പ്രകാരം ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കാത്തതായും ലൈസൻസ് രജിസ്റ്റർ അപൂർണ്ണമായാണ് രേഖപ്പെടുത്തിയിട്ടുള്ളതെന്നും ബോധ്യപ്പെട്ടു.

പഞ്ചായത്തിന്റെ ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലെക്സ് കെട്ടിടത്തിൽ തന്നെയാണ് പഞ്ചായത്ത് ഓഫീസ് അടക്കം മറ്റു സ്ഥാപനങ്ങൾ സ്ഥിതി ചെയ്യുന്നത് എന്നതിനാൽ ലഭ്യമാക്കിയ മറുപടി പ്രകാരം ഇത്തരം സ്ഥാപനവുമായി കരാർ വെച്ചതും പ്രവർത്തിക്കാനനുവദിച്ചതും ഗൗരവമർഹിക്കുന്ന വിഷയമാണ്.

അപകടകരവും അസഹ്യവുമായ വ്യാപാരങ്ങൾക്ക് ലൈസൻസ് നല്കുകയെന്നത് ഗ്രാമ പഞ്ചായത്തിന്റെ അനിവാര്യ ചുമതലയായതിനാലും, ഈ ഗണത്തിലുള്ള സ്ഥാപനങ്ങൾ പൊതുജനത്തിന്റെ ജീവനും, സ്വത്തിനും നേരിട്ടു ബാധിക്കുന്നവയായതിനാലും പരമപ്രധാനമായ ഈ സംഗതിയിൽ ഭരണ സമിതിയുടെ സത്വര ശ്രദ്ധ പതിയേണ്ടതാണ്. കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങൾ 2019 ലെ ചട്ടം 90 (Iii) പ്രകാരം അനധികൃത നിർമ്മാണങ്ങൾക്കെതിരെ നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-16 സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി ഡിമാന്റ് ചെയ്യുന്നില്ല

കേരള പഞ്ചായത്ത് രാജ് ആക്ട്, വകുപ്പ് 204 പ്രകാരം ഓരോ അർദ്ധവർഷവും തുടർച്ചയായോ പലപ്പോഴായോ 60 ദിവസം തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ ആ വ്യക്തി തൊഴിൽ നികുതിക്ക് വിധേയനാകുന്നതാണ്. ഇപ്രകാരം ഗ്രാമപഞ്ചായത്തിലെ എല്ലാ സ്ഥാപനങ്ങളിലേയും ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ്. എന്നാൽ 2022-23 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തിലെ ചുവടെ പട്ടികയിൽ കൊടുത്തിരിക്കുന്ന സ്വകാര്യസ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി(രണ്ട് അർദ്ധ വർഷങ്ങളിലേയും) ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

| ക്രമ.നം. | സ്ഥാപനത്തിന്റെ പേര് | കെട്ടിട നം | ജീവനക്കാരുടെ എണ്ണം(IFTE &OS ലൈസൻസ് അപേക്ഷ പ്രകാരം) |
|---|---|---|---|
| 1 | മെട്രോ മെക്കാനിക്കൽ വർക്ക്ഷോപ്പ് | 1/141B | 4(ലൈസൻസ് അപേക്ഷ പ്രകാരം) |
| 2 | റാണീസ് ഇൻഡസ്ട്രീസ് | I/21 | 3(ലൈസൻസ് അപേക്ഷ പ്രകാരം) |
| 3 | സ്മിത്ത് എഞ്ചിനീയറിംഗ് വർക്ക്സ് | 12/404 | 5(ലൈസൻസ് അപേക്ഷ പ്രകാരം) |
| 4 | സ്റ്റെയിൻസ് വെൽഫെയർ സൊസൈറ്റി | 10/428 | 23(ലൈസൻസ് അപേക്ഷ പ്രകാരം) |
| 5 | ഗ്രേസ്സ് സോമിൽ | 13/34 | 9 (ഫാക്ടറി ലൈസൻസ് പ്രകാരം) |
| 6 | സെയിന്റ് റീത്താസ് സോഷ്യൽ വെൽഫെയർ സെന്റർ | 5/82 | 25(ലൈസൻസ് അപേക്ഷ പ്രകാരം) |
| 7 | വിതയത്തിൽ പേപ്പർ പ്രൊഡക്റ്റ്സ് | 6/70 | 9(ലൈസൻസ് അപേക്ഷ പ്രകാരം) |
| 8 | സെയിന്റ് മേരീസ് എഞ്ചിനീയറിംഗ് വർക്ക്സ് | 7/276B | 3(ലൈസൻസ് അപേക്ഷ പ്രകാരം) |
| 9 | മേജർ ബേക്കറി | 14/244,235,236 | 6(4+2)ലൈസൻസ് അപേക്ഷകൾ പ്രകാരം) |
| 10 | ആർകെ ഇൻഡസ്ട്രീസ് & പവ്വർ ലോൺട്രി | 6/265 | 9(ലൈസൻസ് അപേക്ഷ പ്രകാരം) |
| 11 | വില്ലോ മെഡിക്കൽ സെന്റർ | 3/625 | 5(ലൈസൻസ് അപേക്ഷ പ്രകാരം) |
| 12 | സപ്ലൈകോ സൂപ്പർമാർക്കറ്റ് | 14/251,256 | 2(ലൈസൻസ് അപേക്ഷ പ്രകാരം) |
| 13 | എസ് എൻ ഓട്ടോമൊബൈൽസ് | 2/281A | 4(ലൈസൻസ് അപേക്ഷ പ്രകാരം) |
| 14 | അന്ന കോൺക്രീറ്റ് | 7/285A | 3(ലൈസൻസ് അപേക്ഷ പ്രകാരം) |
| 15 | സെന്റ് ജോർജ്ജ് സോമിൽ | 7/ 534A | 3(ലൈസൻസ് അപേക്ഷ പ്രകാരം) |
| 16 | മരിയ ഫെറോ സിമന്റ് | 7/ 311 | 3(ലൈസൻസ് അപേക്ഷ പ്രകാരം) |
| 17 | നേഷ്ണൽ കാറ്ററേഴ്സ് & ഇവന്റ്സ് | 16/255B | 2(ലൈസൻസ് അപേക്ഷ പ്രകാരം) |
| 18 | കൊള്ളന്നൂർ വെഡ്ഡിംഗ് കളക്ഷൻ | 14/122,123 | 3(ലൈസൻസ് അപേക്ഷ പ്രകാരം) |
| 19 | എ എൽ ഹൈവേ പെട്രോളിയം | 3/3 | 19(ലൈസൻസ് അപേക്ഷ പ്രകാരം) |
| 20 | ഐസക്ക് കാറ്ററിംഗ് | 4/175A | 3(ലൈസൻസ് അപേക്ഷ പ്രകാരം) |
| 21 | ജെ പി ഓട്ടോസ് | 7/203A | 6(ലൈസൻസ് അപേക്ഷ പ്രകാരം) |
| 22 | മലബാർ കിച്ചൺ റെസ്റ്റോറന്റ് | 14/151,152,153 | 4(ലൈസൻസ് അപേക്ഷ പ്രകാരം) |

| | | | |
|---|---|---|---|
| 23 | മരിയ ട്രേഡിംഗ് കമ്പനി | 13/6A | 4(ലൈസൻസ് അപേക്ഷ പ്രകാരം) |

മേൽ കൊടുത്തിരിക്കുന്നത് ഏതാനും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും, ലൈസൻസ് നൽകുന്നതിനുള്ള (IFTE & OS(Issue Of License To Industries, Factories, Trade, Entrepreneurship Activities, And Other Services) അപേക്ഷകളാണ്. മേൽപ്പറഞ്ഞ സ്ഥാപന ഉടമകളിൽ നിന്നും ജീവനക്കാരുടെ ലിസ്റ്റ് ആവശ്യപ്പെട്ട് നോട്ടീസ് അയയ്ക്കുകയോ, തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല.

തൊഴിൽനികുതി അടവാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുന്നതിനും തൊഴിൽ നികുതി ചട്ടം 16(1) അനുസരിച്ച് സ്ഥാപനങ്ങളിലെ ജീവനക്കാരുടെ വരുമാന വിവരം ആവശ്യപ്പെട്ടിട്ടുണ്ടോയെന്നും അതനുസരിച്ചുള്ള തൊഴിൽ നികുതി കണക്കാക്കി ചട്ടം 18 പ്രകാരം ഡിമാന്റ് നൽകുന്നു എന്ന് ഉറപ്പ് വരുത്തുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്നും ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം നൽകിയെങ്കിലും (നം. 18/26.09.23) മറുപടി ലഭ്യമാക്കിയിട്ടില്ല.

കേരള പഞ്ചായത്ത് രാജ് ആക്ട് 205 (സി) പ്രകാരം സെക്രട്ടറിക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പരിധിയിലുള്ള ഏത് സ്ഥാപനത്തിന്റെയും തൊഴിലുടമയോട് സ്ഥാപനത്തിലെ ജീവനക്കാരുടെ ലിസ്റ്റ് ആവശ്യപ്പെടാവുന്നതാണ്. ഇപ്രകാരം ലഭിച്ച ലിസ്റ്റിൽ നിന്നും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പരിധിയിലുള്ള മുഴുവൻ വ്യാപാരികളുടെയും, കമ്പനികളുടെയും, തൊഴിൽ നികുതി അടയ്ക്കാൻ ബാദ്ധ്യസ്ഥരായ വ്യക്തികളുടെയും പേരു വിവരങ്ങൾ അടങ്ങിയ രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. എന്നാൽ പഞ്ചായത്തിൽ അത്തരം രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ലൈസൻസ് പുതുക്കുന്ന മുറയ്ക്ക് സ്ഥാപനഉടമയിൽ നിന്നും അദ്ദേഹത്തിന് ബാധകമായ നികുതി ഈടാക്കി വരികയാണ് ചെയ്തു വരുന്നത്.

ഗ്രാമപഞ്ചായത്തിൽ ലൈസൻസ് അനുവദിച്ച മുഴുവൻ സ്ഥാപനഉടമകളോടും സ്ഥാപനത്തിലെ ജീവനക്കാരുടെ വിശദാംശങ്ങൾ രേഖപ്പെടുത്തിയ തൊഴിൽ നികുതി റിട്ടേണുകൾ സമർപ്പിക്കുന്നതിന് നോട്ടീസ് നൽകിയതായി കാണുന്നില്ല. ലൈസൻസ് അനുവദിച്ച മുഴുവൻ സ്ഥാപനഉടമകളിൽ നിന്നും ജീവനക്കാരുടെ ലിസ്റ്റ് ശേഖരിച്ച് തൊഴിൽ നികുതി അടയ്ക്കാൻ ബാദ്ധ്യസ്ഥരായ മുഴുവൻ ജീവനക്കാർക്കും ഡിമാന്റ് നോട്ടീസ് നൽകേണ്ടതും, തൊഴിൽ നികുതി ഇനത്തിൽ വരുമാനം വർദ്ധിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-17 വാടക- പഞ്ചായത്ത് കെട്ടിട മുറികളുടെ കൈവശവകാശം ദുരുപയോഗം ചെയ്യാതിരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്

വാടക രജിസ്റ്റർ പ്രകാരം പഞ്ചായത്ത് ഉടമസ്ഥതയിലുള്ള ചെട്ടിഭാഗം മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലെക്സ് (വാർഡ് 14), ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലെക്സ് (വാർഡ് 13), ഫിഷ്മാർക്കറ്റ് (വാർഡ് 14) എന്നിവിടങ്ങളിലെ വാടകക്ക് നൽകിയിട്ടുള്ള കെട്ടിടമുറികളുടെ / സ്പേസുകളുടെ എണ്ണം യഥാക്രമം 56ഉം 16 ഉം 23 ഉം ആണ്. എന്നാൽ ലഭ്യമാക്കിയ 71 കരാറുകളും രജിസ്റ്ററും പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ പട്ടിക പ്രകാരം ചേർക്കുന്നു. വാടക, കെട്ടിടമുറി നമ്പറുകൾ, കരാർ നം. എന്നിവ രേഖപ്പെടുത്താതെയാണ് വാടക കരാറുകൾ തയ്യാറാക്കിയിട്ടുള്ളത്. ബാക്കി കരാറുകൾ ലഭ്യമാക്കേണ്ടതാണ്.

| ക്രമ നം | കരാർ ചമച്ച വ്യക്തി | കരാർ പ്രകാരം വാർഡ് / കെട്ടിട നം. | റെന്റ് രജിസ്റ്റർ പ്രകാരമുള്ള വാർഡ് /കെട്ടിട നം. | അപാകത/നിർദ്ദേശം |
|---|---|---|---|---|
| 1 | ടി ജെ ബാബു | 14/ കെട്ടിടനം കരാറിലില്ല | 14/498 | കരാറിൽ കെട്ടിട നം. പരാമർശിച്ചിട്ടില്ല |
| 2 | ബി കെ സുധാകരൻ | 14/കെട്ടിട നം. കരാറിലില്ല | റെന്റ് രജിസ്റ്ററിൽ കെട്ടിട നം പരാമർശിച്ചിട്ടില്ല | കരാറിലെ കെ.എസ്.ഇ.ബി.കൺസ്യൂമർ നം. പ്രകാരം കെട്ടിടമുറി പരിശോധിച്ച് മുറി കൈമാറ്റം നടന്നിട്ടുണ്ടോയെന്ന് ഉറപ്പു വരുത്തേണ്ടതാണ്. |

| | | | | |
|---|---|---|---|---|
| 3 | ബി കെ ശ്യാമു | 14/കെട്ടിട നം. കരാറിലില്ല | റെന്റ് രജിസ്റ്ററിൽ കെട്ടിട നം പരാമർശിച്ചിട്ടില്ല | കരാറിലെ കെ.എസ്.ഇ.ബി കൺസ്യൂമർ നം പ്രകാരം കെട്ടിടമുറി പരിശോധിച്ച് മുറി കൈമാറ്റം നടന്നിട്ടുണ്ടോയെന്ന് ഉറപ്പു വരുത്തേണ്ടതാണ്. |
| 4 | പി എ ബാബു | 14/ കെട്ടിടനം കരാറിലില്ല | 14/480A | കരാറിൽ കെട്ടിട നം പരാമർശിച്ചിട്ടില്ല |
| 5 | പി എ ബാബു | 14/കെട്ടിട നം. കരാറിലില്ല | റെന്റ് രജിസ്റ്റർ പ്രകാരം ഒരു കെട്ടിടമേ (14/480A)ടി വ്യക്തിക്കുള്ളു | കരാറിലെ കൺസ്യൂമർ നം പ്രകാരം കെട്ടിടമുറി പരിശോധിച്ച് മുറി കൈമാറ്റം നടന്നിട്ടുണ്ടോയെന്ന് ഉറപ്പു വരുത്തേണ്ടതാണ്. |
| 6 | രാധ ചന്ദ്രൻ | 14/കെട്ടിട നം. കരാറിലില്ല | റെന്റ് രജിസ്റ്ററിൽ കെട്ടിട നം പരാമർശിച്ചിട്ടില്ല | കരാറിലെ കൺസ്യൂമർ നം പ്രകാരം കെട്ടിടമുറി പരിശോധിച്ച് മുറി കൈമാറ്റം നടന്നിട്ടുണ്ടോയെന്ന് ഉറപ്പു വരുത്തേണ്ടതാണ്. |
| 7 | പി ആർ മണി | 14/കെട്ടിട നം. കരാറിലില്ല | 14/475 | കരാറിൽ കെട്ടിടനം പരാമർശിച്ചിട്ടില്ല |
| 8 | പി ജി തുളസീദാസ് | 14/കെട്ടിട നം. കരാറിലില്ല | റെന്റ് രജിസ്റ്ററിൽ കെട്ടിട നം പരാമർശിച്ചിട്ടില്ല | കരാറിലെ കൺസ്യൂമർ നം പ്രകാരം കെട്ടിടമുറി പരിശോധിച്ച് മുറി കൈമാറ്റം നടന്നിട്ടുണ്ടോയെന്ന് ഉറപ്പു വരുത്തേണ്ടതാണ്. |
| 9 | കെ എസ് ഷാജഹാൻ | 14/കെട്ടിട നം. കരാറിലില്ല | 14/507 | കരാറിൽ കെട്ടിട നം പരാമർശിച്ചിട്ടില്ല |
| 10 | ഇ. എൽ. വിജയൻ | 14/ കെട്ടിടനം കരാറിലില്ല | 14/479 | കരാറിൽ കെട്ടിട നം പരാമർശിച്ചിട്ടില്ല |
| 11 | ബി ആർ അനീഷ്കുമാർ | 14/ കെട്ടിടനം കരാറിലില്ല | റെന്റ് രജിസ്റ്ററിൽ കെട്ടിട നം പരാമർശിച്ചിട്ടില്ല | കരാറിലെ കൺസ്യൂമർ നം പ്രകാരം കെട്ടിടമുറി പരിശോധിച്ച് മുറി കൈമാറ്റം നടന്നിട്ടുണ്ടോയെന്ന് ഉറപ്പു വരുത്തേണ്ടതാണ്. |
| 12 | ബി കെ രാമൻ | 14/ കെട്ടിടനം കരാറിലില്ല | റെന്റ് രജിസ്റ്ററിൽ കെട്ടിട നം പരാമർശിച്ചിട്ടില്ല | കരാറിലെ കൺസ്യൂമർ നം പ്രകാരം കെട്ടിടമുറി പരിശോധിച്ച് മുറി കൈമാറ്റം നടന്നിട്ടുണ്ടോയെന്ന് ഉറപ്പു വരുത്തേണ്ടതാണ്. |
| 13 | ജോസഫ് സാർത്തോ | 14/ കെട്ടിടനം കരാറിലില്ല | 14/506 | കരാറിൽ കെട്ടിടനം പരാമർശിച്ചിട്ടില്ല |
| 14 | ബി എം അജിത്ത് കുമാർ | 14/ കെട്ടിടനം കരാറിലില്ല | 14/511 | കരാറിൽ കെട്ടിടനം പരാമർശിച്ചിട്ടില്ല |
| 15 | ബിബി വട്ടു | 14/ കെട്ടിടനം കരാറിലില്ല | റെന്റ് രജിസ്റ്ററിൽ കെട്ടിട നം പരാമർശിച്ചിട്ടില്ല | കരാറിലെ കൺസ്യൂമർ നം പ്രകാരം കെട്ടിടമുറി പരിശോധിച്ച് മുറി കൈമാറ്റം നടന്നിട്ടുണ്ടോയെന്ന് ഉറപ്പു വരുത്തേണ്ടതാണ്. |
| 16 | പി എൽ സതീഷ്കുമാർ | 14/ കെട്ടിടനം കരാറിലില്ല | 14/480E | കരാറിൽ കെട്ടിടനം പരാമർശിച്ചിട്ടില്ല |
| 17 | എം എം ഹംസ | 14/ കെട്ടിടനം കരാറിലില്ല | റെന്റ് രജിസ്റ്ററിൽ കെട്ടിട നം പരാമർശിച്ചിട്ടില്ല | കരാറിലെ കൺസ്യൂമർ നം പ്രകാരം കെട്ടിടമുറി പരിശോധിച്ച് മുറി കൈമാറ്റം നടന്നിട്ടുണ്ടോയെന്ന് ഉറപ്പു വരുത്തേണ്ടതാണ്. |
| 18 | വിജി മാനുവൽ | 14/ കെട്ടിടനം കരാറിലില്ല | 14/480F | കരാറിൽ കെട്ടിടനം പരാമർശിച്ചിട്ടില്ല |
| 19 | ഇ ആർ രഞ്ചൻ | 14/ കെട്ടിടനം കരാറിലില്ല | റെന്റ് രജിസ്റ്ററിൽ കെട്ടിട നം പരാമർശിച്ചിട്ടില്ല | കരാറിലെ കൺസ്യൂമർ നം പ്രകാരം കെട്ടിടമുറി പരിശോധിച്ച് മുറി കൈമാറ്റം നടന്നിട്ടുണ്ടോയെന്ന് ഉറപ്പു വരുത്തേണ്ടതാണ്. |
| 20 | പോൾ ആന്റണി | 14/ കെട്ടിടനം കരാറിലില്ല | 14/477 | കരാറിൽ കെട്ടിടനം പരാമർശിച്ചിട്ടില്ല |

| | | | | |
|---|---|---|---|---|
| 21 | പോൾ ആന്റണി | 14/ കെട്ടിടനം കരാറിലില്ല | 14/480G | കരാറിൽ കെട്ടിടനം പരാമർശിച്ചിട്ടില്ല |
| 22 | കെ ബി ഉണ്ണികൃഷ്ണൻ | 14/ കെട്ടിടനം കരാറിലില്ല | 14/479A | കരാറിൽ കെട്ടിടനം പരാമർശിച്ചിട്ടില്ല |
| 23 | കെ ടി കുഞ്ഞുമോൻ | 14/ കെട്ടിടനം കരാറിലില്ല | 14/480B | കരാറിൽ കെട്ടിടനം പരാമർശിച്ചിട്ടില്ല |
| 24 | റാണി വർഗ്ഗീസ് | 14/ കെട്ടിടനം കരാറിലില്ല | 14/487 | കരാറിൽ കെട്ടിടനം പരാമർശിച്ചിട്ടില്ല |
| 25 | ബി ബി രാജു | 14/ കെട്ടിടനം കരാറിലില്ല | 14/480 | കരാറിൽ കെട്ടിടനം പരാമർശിച്ചിട്ടില്ല |
| 26 | ബി എം അജിത്ത് കുമാർ | 14/ കെട്ടിടനം കരാറിലില്ല | റെന്റ് രജിസ്റ്റർ പ്രകാരം ഒരു കെട്ടിടമേ (14/511)ടി വ്യക്തിക്കുള്ളു | കരാറിലെ കൺസ്യൂമർ നം പ്രകാരം കെട്ടിടമുറി പരിശോധിച്ച മുറി കൈമാറ്റം നടന്നിട്ടുണ്ടോയെന്ന് ഉറപ്പു വരുത്തേണ്ടതാണ്. |
| 27 | പി എസ് അമൽ | 14/ കെട്ടിടനം കരാറിലില്ല | റെന്റ് രജിസ്റ്ററിൽ കെട്ടിട നം പരാമർശിച്ചിട്ടില്ല | കരാറിലെ കൺസ്യൂമർ നം പ്രകാരം കെട്ടിടമുറി പരിശോധിച്ച മുറി കൈമാറ്റം നടന്നിട്ടുണ്ടോയെന്ന് ഉറപ്പു വരുത്തേണ്ടതാണ്. |
| 28 | അമ്പിളി കെ വി | 14/ കെട്ടിടനം കരാറിലില്ല | റെന്റ് രജിസ്റ്ററിൽ കെട്ടിട നം പരാമർശിച്ചിട്ടില്ല | കരാറിലെ കൺസ്യൂമർ നം പ്രകാരം കെട്ടിടമുറി പരിശോധിച്ച മുറി കൈമാറ്റം നടന്നിട്ടുണ്ടോയെന്ന് ഉറപ്പു വരുത്തേണ്ടതാണ്. |
| 29 | സി പി ഷംസുദ്ദീൻ | 14/ കെട്ടിടനം കരാറിലില്ല | റെന്റ് രജിസ്റ്ററിൽ കെട്ടിട നം പരാമർശിച്ചിട്ടില്ല | കരാറിലെ കൺസ്യൂമർ നം പ്രകാരം കെട്ടിടമുറി പരിശോധിച്ച മുറി കൈമാറ്റം നടന്നിട്ടുണ്ടോയെന്ന് ഉറപ്പു വരുത്തേണ്ടതാണ്. |
| 30 | പി എ ബിനു | 14/ കെട്ടിടനം കരാറിലില്ല | ബിനു അഗസ്റ്റിൻ എന്ന പേരിൽ കെട്ടിടമുറി നം 14/474 ന് വാടക അടവാക്കുന്നുണ്ട് | ബിനു എ ജെ എന്ന വ്യക്തിയുടെ പേരിൽ ആണ് 14/515 കെട്ടിടമുറിയുടെ വാടക അടവാക്കുന്നതത്.കെട്ടിടമുറികളിൽ വ്യക്തത വരുത്തേണ്ടതാണ്.കൈമാറ്റം നടന്നിട്ടുണ്ടോയെന്ന് ഉറപ്പു വരുത്തേണ്ടതാണ്. |
| 31 | രുഗ്മിണി ബാബു | 14/ കെട്ടിടനം കരാറിലില്ല | റെന്റ് രജിസ്റ്ററിൽ കെട്ടിട നം പരാമർശിച്ചിട്ടില്ല | കരാറിലെ കൺസ്യൂമർ നം പ്രകാരം കെട്ടിടമുറി പരിശോധിച്ച മുറി കൈമാറ്റം നടന്നിട്ടുണ്ടോയെന്ന് ഉറപ്പു വരുത്തേണ്ടതാണ് |
| 32 | കെ എം മാഹീൻ | 14/ കെട്ടിടനം കരാറിലില്ല | റെന്റ് രജിസ്റ്ററിൽ കെട്ടിട നം പരാമർശിച്ചിട്ടില്ല | കരാറിലെ കൺസ്യൂമർ നം പ്രകാരം കെട്ടിടമുറി പരിശോധിച്ച മുറി കൈമാറ്റം നടന്നിട്ടുണ്ടോയെന്ന് ഉറപ്പു വരുത്തേണ്ടതാണ് |
| 33 | ബി കെ മണി | 14/F13,7/154 A | 14/500 | കരാറിൽ കെട്ടിടനം വേറെയാണ് .വ്യക്തത വരുത്തേണ്ടതാണ്.കൈമാറ്റം നടന്നിട്ടുണ്ടോയെന്ന് ഉറപ്പു വരുത്തേണ്ടതാണ് |
| 34 | സി ഐ ജോയി | 14/ കെട്ടിടനം കരാറിലില്ല | 14/469A | കരാറിൽ കെട്ടിടനം പരാമർശിച്ചിട്ടില്ല |
| 35 | ബി കെ മണി | 14/ കെട്ടിടനം കരാറിലില്ല | 14/470 | കരാറിൽ കെട്ടിടനം പരാമർശിച്ചിട്ടില്ല |
| 36 | ഏഞ്ചൽ ആന്റണി | 14/ കെട്ടിടനം കരാറിലില്ല | 14/489A | കരാറിൽ കെട്ടിടനം പരാമർശിച്ചിട്ടില്ല |
| 37 | ബിനു എജെ | 14/515 | വാടക രജിസ്റ്ററിൽ ബിനു എ ജെ യുടെ പേരിൽ 14/514,14/491 | വാടക രജിസ്റ്ററിൽ ബിനു എ ജെ യുടെ പേരിൽ 14/514,14/491 എന്നീ കെട്ടിടങ്ങളുടെ വാടക അടവാക്കുന്നു.കരാറിൽ പറഞ്ഞിട്ടുള്ള കെട്ടിടമുറി യുടെ |

| | | | | |
|---|---|---|---|---|
| | | | എന്നീ കെട്ടിടങ്ങളുടെ വാടക അടവാക്കുന്നു. | വാടക ടി പി ജോസഫ് എന്ന വ്യക്തിയുടെ പേരിൽ ആണ് അടവാക്കുന്നത്.കൈമാറ്റം നടന്നിട്ടുണ്ടോയെന്ന് ഉറപ്പു വരുത്തേണ്ടതാണ്. |
| 38 | ടി വി ഷിബു | 14/519 | 14/510 | കരാറിലെ കെട്ടിടനമ്പറും രജിസ്റ്ററിലെ കെട്ടിട നമ്പറും വേറെയാണ് |
| 39 | സി എ സുബ്രമണ്യൻ | 14/ കെട്ടിടനം കരാറിലില്ല | 14/504 | കരാറിൽ കെട്ടിടനം പരാമർശിച്ചിട്ടില്ല |
| 40 | റീന കൊറയ | 13/574B | 13/582 | കരാറിലെ കെട്ടിടനമ്പറും രജിസ്റ്ററിലെ കെട്ടിട നമ്പറും വേറെയാണ് |
| 41 | നിബിൻ ആന്റണി | 14/ കെട്ടിടനം കരാറിലില്ല | 14/503 | കരാറിൽ കെട്ടിടനം പരാമർശിച്ചിട്ടില്ല.ട്രേഡേഴ്സ് ലിസ്റ്റിൽ 14/503 ന് വേറെ വ്യക്തിക്കാണ് ലൈസൻസ് |
| 42 | ലക്ഷ്മണൻ കെ ആർ | 14/V | റെന്റ് രജിസ്റ്ററിൽ കെട്ടിട നം പരാമർശിച്ചിട്ടില്ല | കരാറിലെ കൺസ്യൂമർ നം പ്രകാരം കെട്ടിടമുറി പരിശോധിച്ച് മുറി കൈമാറ്റം നടന്നിട്ടുണ്ടോയെന്ന് ഉറപ്പു വരുത്തേണ്ടതാണ്. |
| 43 | ഗിരിജൻ കെ ജി | 14/Vi | റെന്റ് രജിസ്റ്ററിൽ കെട്ടിട നം പരാമർശിച്ചിട്ടില്ല | കരാറിലെ കൺസ്യൂമർ നം പ്രകാരം കെട്ടിടമുറി പരിശോധിച്ച് മുറി കൈമാറ്റം നടന്നിട്ടുണ്ടോയെന്ന് ഉറപ്പു വരുത്തേണ്ടതാണ്. |
| 44 | കളത്തിപറമ്പിൽ ബോസ് | 14/ കെട്ടിടനം കരാറിലില്ല | 13/583 | കരാറിൽ കെട്ടിടനം പരാമർശിച്ചിട്ടില്ല. റന്റ് രജിസ്റ്ററിൽ വാർഡ് ഉം കെട്ടിടമുറിയും വേറെയാണ് |
| 45 | കെ പി ബോസ് | 14/495 | 14/495 | - |
| 46 | തോമസ് ആന്റണി | 14/ കെട്ടിടനം കരാറിലില്ല | 13/586 | കരാറിൽ കെട്ടിടനം പരാമർശിച്ചിട്ടില്ല.വാർഡ് വേറെയാണ് |
| 47 | മിനി ദേവസ്സികുട്ടി | 680 | 13/580 G | കരാറിൽ വ്വാർഡ് ഇല്ല കെട്ടിടനം വേറെയാണ്. |
| 48 | K K ഗോപാലൻ | 14/ കെട്ടിടനം കരാറിലില്ല | 13/580H | കരാറിൽ വാർഡ് വേറെയാണ്. |
## 1-27 വൃദ്ധർക്ക് കട്ടിൽ-കട്ടിൽ വിതരണം ചെയ്യാൻ അവശേഷിക്കുന്നു

പ്രൊജക്ട് നമ്പർ – SOO64/23

പ്രൊജക്ടിന്റെ പേര് – വൃദ്ധർക്ക് കട്ടിൽ -എസ്.സി.

അടങ്കൽ - 87000/- (വികസന ഫണ്ട്-എസ്.സി.പി.)

ചെലവ് - 17925/- (TRN- 221113000000010808,Dt.28.3.23)

നിർവ്വഹണോദ്യോഗസ്ഥൻ – അസി.സെക്രട്ടറി

എസ്.സി. വിഭാഗത്തിൽപ്പെട്ട 60 വയസ് കഴിഞ്ഞ വൃദ്ധർക്ക് കട്ടിൽ വാങ്ങി നൽകുന്നതിനായി വിഭാവനം ചെയ്തതാണ്പ്രൊജക്ട് . ടെൻഡർ മുഖേന അയ്യമ്പിള്ളി വുഡ് ഹൗസ് എന്ന സ്ഥാപനത്തിൽ നിന്നും 3585/-രൂപ വീതം വിലവരുന്ന 5 കട്ടിലുകൾ 17925/- രൂപ ചെലവഴിച്ച് വാങ്ങി.എന്നാൽ 4 ഗുണഭോക്താക്കൾ മാത്രമേ കട്ടിൽ കൈപ്പറ്റിയിട്ടുള്ളൂ. ടി വ്യക്തികളുടെ അപേക്ഷകളും അനുബന്ധ രേഖകളും ഫയലിൽ ഉണ്ട്. ഒരു കട്ടിൽ വിതരണം ചെയ്യാതെ പഞ്ചായത്ത് ഓഫീസിൽ സൂക്ഷിച്ചിട്ടുണ്ട്. കട്ടിൽ വിതരണം ചെയ്യാത്തതിന്റെ കാരണം അറിയിക്കുവാൻ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ 4/21.09.23 ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. വിതരണം ചെയ്യാതെ അവശേഷിച്ച കട്ടിലിന്റെ വിലയായ 3585/-രൂപ ഓഡിറ്റിൽ തടസപ്പെടുത്തുന്നു.

## 1-28 വയോജനങ്ങൾക്ക് കമ്പ്യൂട്ടർ പരിശീലന പരിപാടി- സബ്സിഡി മാർഗരേഖയ്ക്ക് വിരുദ്ധമായി പ്രൊജക്ട് നടപ്പിലാക്കി

| | |
|---|---|
| പ്രൊജക്ട് നമ്പർ | S0170/23 |
| പ്രൊജക്ടിന്റെ പേര് | നൈപുണ്യ നഗരം പദ്ധതി |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | 60,000/- വികസന ഫണ്ട് (പൊതു വിഭാഗം) |
| ചെലവ് | 55,000/-(ബിൽ നമ്പർ-204/15.2.23) |

ജില്ല ആസൂത്രണ സമിതി നിർദേശ പ്രകാരം, വരാപ്പുഴ ഗ്രാമപഞ്ചായത്ത് പരിധിയിലെ 60 വയസു കഴിഞ്ഞ വയോജനങ്ങൾക്ക് കംപ്യൂട്ടർ പരിജ്ഞാനം ലഭിക്കുന്നതിന് പരിശീലന പരിപാടി സംഘടിപ്പിക്കാൻ പ്രൊജക്ട് ഏറ്റെടുക്കുകയും 28.11.2022 മുതൽ 08.12.2022 വരെയുള്ള കാലയളവിൽ 10 ദിവസത്തെ പരിശീലന പരിപാടി ഐ.എച്ച്.ആർ.ഡി.യുടെ ആഭിമുഖ്യത്തിൽ പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൽ വെച്ച് നടത്തുകയും ചെയ്തു. പദ്ധതി നിർവ്വഹണം സംബന്ധിച്ച് കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1)പതിനാലാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗരേഖ സ.ഉ(കൈ)നം.115/2022/ ത.സ്വ.ഭ.വ.തീയതി 28.5.22, ഖണ്ഡിക 8.5(Ii) പ്രകാരം സംരംഭം തുടങ്ങുന്നതിന്റെ ഭാഗമായോ തൊഴിൽ നൽകുന്നതിന്റെ ഭാഗമായോ അല്ലാതെ കമ്പ്യൂട്ടർ പരിശീലന പരിപാടിക്ക് മാത്രമായി പ്രൊജക്ട് ഏറ്റെടുക്കാവുന്നതല്ല. ഇവിടെ 60 വയസിനു മുകളിൽ പ്രായം ഉള്ളവർക്കാണ് പരിശീലനം നൽകിയത്. മാർഗരേഖയ്ക്ക് വിരുദ്ധമായി, വികസന ഫണ്ട് ചെലവഴിച്ച് പ്രൊജക്ട് നടപ്പിലാക്കിയത് ശരിയായ നടപടിയല്ല.

2)പരിശീലനത്തിൽ പങ്കെടുക്കുന്ന ഒരു വ്യക്തിക്ക് 800/-രൂപ നിരക്കിൽ കുറഞ്ഞത് 30 വ്യക്തികൾക്കുള്ള തുക ഐ.എച്ച്.ആർ.ഡി.ക്ക് കൈമാറണമെന്നുള്ള ജില്ല ആസൂത്രണ സമിതി ചെയർമാൻ & ജില്ല പഞ്ചായത്ത് പ്രസിഡന്റിന്റെ നിർദേശം പഞ്ചായത്ത് പാലിക്കുകയും 50 വ്യക്തികളുടെ ഫീസ് 40,000/-രൂപ ഐ.എച്ച്.ആർ.ഡി.ക്ക് സ്ഥാപനത്തിന്റെ ഇൻവോയ്സ് പ്രകാരം വികസന ഫണ്ടിൽ നിന്നും നൽകുകയും ചെയ്തു. പരിശീലന പരിപാടിയുടെ മൊഡ്യൂൾ, പരിശീലനം നൽകിയ ഇൻസ്ട്രക്ടർമാർ ആരൊക്കെ, പരിപാടിയുടെ ഫോട്ടോഗ്രാഫ് തുടങ്ങിയ വിവരങ്ങളൊന്നും ഫയലിൽ ഇല്ല. 56 വ്യക്തികൾ ഒപ്പിട്ട അറ്റൻഡൻസ് ഷീറ്റിന്റെ ഫോട്ടോസ്റ്റാറ്റ് മാത്രമേ ഫയലിലുള്ളൂ (50 പഠിതാക്കൾക്കുള്ള തുകയാണ് നൽകിയത്). 15,000/- രൂപ റിഫ്രഷ്മെന്റിനായാണ് ചെലവഴിച്ചത്.

സർക്കാർ ഉത്തരവിനു വിരുദ്ധമായി ഏറ്റെടുത്ത ടി പ്രൊജക്ടിന്റെ ചെലവ് തുക 55,000/- രൂപ തടസപ്പെടുത്തുന്നു. സർക്കാർ ഉത്തരവിനു വിരുദ്ധമായി ചെലവ് ചെയ്തതിനാൽ ടി ചെലവിന് സർക്കാരിൽ നിന്നും സാധൂകരണം വാങ്ങേണ്ടതാണ്.

## 1-29 ഇ -ടെണ്ടർ ഫീസിനത്തിൽ വരവ് വന്ന തുക പഞ്ചായത്ത് ഫണ്ടിലേക്ക് അടവാക്കിയില്ല-പലിശയിനത്തിൽ നഷ്ടം

ഇ -ടെണ്ടർ ഫീസിനത്തിലുള്ള തുക വരവ് വെയ്ക്കുന്നതിനായി വരാപ്പുഴ ഗ്രാമപഞ്ചായത്ത് അസി.എൻജിനീയറുടെ പേരിൽ ആരംഭിച്ച കറന്റ് അക്കൗണ്ടിൽ (എസ്.ബി.ഐ. A/C നം.37791886219)31.3.23 ൽ 14327/-രൂപയും 26.9.23ൽ 52931/-രൂപയും നീക്കിയിരിപ്പ് ഉണ്ട്.നീക്കിയിരിപ്പ് തുക പഞ്ചായത്തിന്റെ തനത് ഫണ്ടിലേക്ക് അടവാക്കാതെ നിലനിർത്തിയിരിക്കുന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ടു കൊണ്ട് നൽകിയ 25/ 27.9.23 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് തുക ഉടൻ തന്നെ പഞ്ചായത്ത് ഫണ്ടിൽ അടവാക്കുന്നതാണ് എന്ന് മറുപടി ലഭ്യമാക്കി.കറന്റ് അക്കൗണ്ടിലെ നീക്കിയിരിപ്പ് തുകയ്ക്ക് പലിശ ലഭിക്കാത്തതിനാൽ തുക തനത് ഫണ്ടിലേക്ക് അടവാക്കാൻ വൈകുന്നത് മൂലം പഞ്ചായത്തിന് പലിശയിനത്തിലുള്ള തുക ലഭിക്കാതെ വരുന്നതിലൂടെ വരുമാന നഷ്ടം സംഭവിക്കുന്നു.17.01.2023 ലാണ് അവസാനമായി ടി കറന്റ് അക്കൗണ്ടിൽ നിന്നും നീക്കിയിരിപ്പ് തുക പഞ്ചായത്തിന്റെ തനത് ഫണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തത്. എത്രയും വേഗം നീക്കിയിരിപ്പ് തുക തനത് ഫണ്ടിലേക്ക് അടവാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-30 റോഡ് കണക്ടിവിറ്റി മാപ്പ്- പ്രവൃത്തി പൂർത്തീകരിക്കേണ്ടതാണ്

| | |
|---|---|
| പ്രൊജക്ട് നമ്പർ | S019/23(സ്പിൽ ഓവർ) |
| പ്രൊജക്ടിന്റെ പേര് | വരാപ്പുഴ ഗ്രാമപഞ്ചായത്ത് റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കൽ |
| നിർവ്വഹണോദ്യോഗസ്ഥൻ | അസി.എൻജിനീയർ |
| അടങ്കൽ | 48000/-(തനത് ഫണ്ട്) |
| ചെലവ് | 24000/-(വൗച്ചർ നമ്പർ-22201258/06.12.22) |

പഞ്ചായത്ത് പ്രദേശത്തെ റോഡുകൾ, ഡ്രെയിനേജുകൾ, കൾവർട്ടുകൾ തുടങ്ങിയവ ഉൾപ്പെടെയുള്ള ആസ്തികൾ R-Track മൊബൈൽ ആപ്പ് വഴി ട്രാക്ക് ചെയ്ത് ഡിജിറ്റൽ ഡാറ്റ തയ്യാറാക്കുന്നതിനായി വിഭാവനം ചെയ്തതാണ് മേൽ നമ്പരിലുള്ള പ്രൊജക്ട്. റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കുന്നതിന് ₹3000/- ഒരു വാർഡിൽ പരമാവധി ചെലവാക്കാവുന്നതാണ്. ആസ്തികളുടെ വിവരം ശേഖരിക്കുന്നതിനായി അമൃതമോൾ പി.എ., പ്രിഥുൽ സ്റ്റെപ്പിൾട്ടൺ എന്നീ രണ്ടു വ്യക്തികളെ 2022 ജൂൺ, ജൂലയ് മാസങ്ങളിൽ നിയമിക്കുകയും ഒരു ദിവസം ഒരാൾക്ക് ₹750/- നിരക്കിൽ 32 ദിവസത്തേക്ക് രണ്ടു പേർക്കും കൂടി ₹24,000/- വേതനമായി തനത് ഫണ്ടിൽ നിന്നും നൽകുകയും ചെയ്തു.മേൽ വ്യക്തികൾ ഓരോ ദിവസവും ഏതെല്ലാം വാർഡിലെ വിവര ശേഖരണം ആണ് നടത്തിയതെന്ന് സൂചിപ്പിക്കുന്ന റിപ്പോർട്ട് അസി.എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയത് ഹാജരാക്കിയിട്ടില്ല. മസ്റ്റർ റോൾ മാത്രമേ ഫയലിൽ ഉൾപ്പെടുത്തിയിട്ടുള്ളൂ. മൊബൈൽ ആപ്പ് വഴി 16 വാർഡുകളിലെയും ആസ്തികൾ ട്രാക്ക് ചെയ്തോയെന്ന വിവരം അറിയിക്കേണ്ടതാണെന്നും ട്രാക്ക് ചെയ്ത ഡാറ്റയുടെ ഹാർഡ് കോപ്പിയും ശേഖരിച്ച ഡാറ്റ വാലിഡേറ്റ് ചെയ്ത് ഡിജിറ്റലൈസ് ചെയ്തതിന്റെ രേഖകളും ഹാജരാക്കേണ്ടതാണെന്നും ആവശ്യപ്പെട്ടു കൊണ്ട് നൽകിയ 24/27.9.23 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി

ലഭ്യമാക്കി. R-Track ആയി ബന്ധപ്പെട്ട Excel ഷീറ്റ് ബിൽ മാറുന്ന സമയത്ത് ലഭ്യമായിരുന്നില്ലെന്നും ട്രാക്ക് ചെയ്ത ആസ്തികളുടെ വെരിഫിക്കേഷൻ നടന്നു വരുന്നതായും അതിനു ശേഷം ഡാറ്റ വാലിഡേറ്റ് ചെയ്ത് ഡിജിറ്റലൈസ് ചെയ്യുമെന്നുമാണ് മറുപടിയിൽ വ്യക്തമാക്കിയിട്ടുള്ളത്. പ്രവൃത്തി പൂർത്തീകരിച്ച് വിശദാംശങ്ങൾ ലഭ്യമാക്കുന്നതുവരെ ₹24,000/- തടസ്സപ്പെടുത്തുന്നു.

## 1-31 നിക്ഷേപ പ്രവൃത്തികൾക്ക് ലഭിച്ച വിനിയോഗ സാക്ഷ്യപത്രം അക്കൗണ്ട്സിൽ ക്രമീകരിച്ചിട്ടില്ല.

പഞ്ചായത്തിൽ സൂക്ഷിച്ചിരിക്കുന്ന ഡെപ്പോസിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ നടത്തിയിരിക്കുന്നത് 2017-18 വർഷം മുതലാണ്. എന്നാൽ രേഖപ്പെടുത്തലുകൾ കൃത്യമല്ലാത്തതിനാൽ ആയത് പരിശോധിക്കാൻ സാധിച്ചില്ല.

**വാർഷിക ധനകാര്യപത്രികയിലെ ബി-18 ഷെഡ്യൂൾ പ്രകാരം KSEB, KWA എന്നീ സ്ഥാപനങ്ങളിലെ 31.03.2023 ലെ നീക്കിയിരുപ്പ്**

| നിർവ്വഹണ ഏജൻസി | നിക്ഷേപിച്ച തുക |
|---|---|
| കെ.എസ്.ഇ.ബി. | 15,35,197/- |
| കെ.ഡബ്ല്യൂ.എ. | 15,40,000/- |

1. കെ.എസ്.ഇ.ബി. യിക്ക് നൽകിയ എല്ലാ നിക്ഷേപ പ്രവൃത്തികളുടെയും വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടുണ്ടെങ്കിലും ആയത് അക്കൗണ്ടസിൽ ക്രമീകരിച്ചിട്ടില്ല എന്ന് പരിശോധനയിൽ ബോദ്ധ്യപ്പെട്ടു.
2. കെ.ഡബ്ല്യൂ.എ. ക്ക് നൽകിയ തുകയുടെ നീക്കിയിരുപ്പ് തുകയിൽ 2,40,000/- രൂപ തെറ്റായി വന്ന തുകയാണ്. ടി തുക 2020-21 വർഷത്തിൽ 460500501 (Advance To Implementing Officer) എന്ന ഹെഡ്ഡിലെ തുകയാണ്. ബാക്കി 13,00,000/- രൂപയിൽ 9,20,438/- രൂപ കെ.ഡബ്ല്യൂ.എ.യുടെ A2/3128/2013 നം. വിനിയോഗ സാക്ഷ്യപത്രം പ്രകാരം വിനിയോഗിച്ചതായി അറിയിക്കുകയും 3,79,562/- രൂപ 10.4.23 ലെ രസീത് നം. 1230100053 പ്രകാരം പഞ്ചായത്തിൽ അടവാക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ആയത് അക്കൗണ്ടസിൽ ക്രമീകരിച്ചിട്ടില്ല.

KSEB, KWA എന്നീ സ്ഥാപനങ്ങളിലെ 31.03.2023 ലെ നീക്കിയിരുപ്പ് തുക അക്കൗണ്ടസിൽ ക്രമീകരിക്കാൻ വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്.

# ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2022-2023 ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട്സ് പരിശോധന നടത്തിയിട്ടുള്ളത് | | |

## 4-2 സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | 2022-23 ചെലവ് | നീക്കിയിരുപ്പ് തുക |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| എറണാകുളം ജില്ലാ പഞ്ചായത്ത് | 50,000 | പൊക്കാളി പാടത്ത് നെല്ലിക്കോഴി ശല്യം ഒഴിവാക്കൽ (S0116/23) | 50,000 | 0 |
| | 45,00,00 | പൊക്കാളി നെൽ കൃഷി വികസനം (S0162/23) | 4,50,000 | 0 |
| | 2,00,000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർഥികൾക്കുള്ള ധനസഹായവും ബത്തയും (S0057/23) | 2,00,000 | 0 |
| | 7,58,237 | ദേവസ്വംപാടം ജംഗൻ പനക്കൽ റോഡിൽ കാനയും ടൈൽ വിരിക്കലും (S0017/23) | 7,58,237 | 0 |
| | 7,92,934 | ഒൻപതാം വാർഡിലെ മഹാത്മ റോഡിൽ ഇന്റർലോക്കിംഗ് ടൈൽ വിരിക്കൽ (S0098/23) | 7,92,934 | 0 |
| | 8,97,306 | മൂന്നാം വാർഡിലെ ശാന്തിനഗർ റോഡ് പപ്പൻ റോഡ് മെയിന്റനൻസ് (S0092/23) | 8,97,306 | 0 |
| | 9,69,775 | ആറാം വാർഡിലെ ഐ.എച്ച്.ഡി.പി റോഡ് ഹരിജൻ റോഡ് മെയിന്റനൻസ് (S0095/23) | 9,69,775 | 0 |
| | 9,74,822 | പതിനഞ്ചാം വാർഡിലെ ചിറയ്ക്കകം പാടി റോഡ് മെയിന്റനൻസ് (S0106/23) | 9,74,822 | 0 |
| | 9,95,591 | ഒന്നാം വാർഡിലെ തേവർകാട് അന്തികാട് സിന്ധു ഫാർമസി റോഡ് മെയിന്റനൻസ് പൂർത്തീകരണം (S0102/23) | 9,95,591 | 0 |
| | 9,98,018 | തേജസ് റോഡിലും പള്ളിനിലം റോഡിലും അറ്റകുറ്റപണികൾ കാന-വരാപ്പുഴ (S0156/23) | 9,98,018 | 0 |
| | 13,12,984 | കൊച്ചാപ്പ ചക്യത്ത് റോഡ് നിർമ്മാണം (S0155/23) | 13,12,984 | 0 |
| | **83,99,667** | **ആകെ** | **83,99,667** | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 50,000 | പൊക്കാളി പാടത്ത് നെല്ലിക്കോഴി ശല്യം ഒഴിവാക്കൽ (S0116/23) | 50,000 | 0 |
| | 4,08,000 | പൊക്കാളി നെൽ കൃഷി വികസനം (S0162/23) | 4,08,000 | 0 |
| | 3,00,000 | പാലിയേറ്റീവ് കെയർ (S0006/23) | 3,00,000 | 0 |
| | 5,20,000 | ലൈഫ് മിഷൻ ഭവന പദ്ധതി (എസ്.സി) (S0087/23) | 5,20,000 | 0 |
| | 5,80,000 | ലൈഫ് മിഷൻ ഭവന പദ്ധതി (ജനറൽ) | 5,80,000 | 0 |

| | | | | |
|---|---|---|---|---|
| | | (S0086/23) | | |
| | 4,14,000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർഥികൾക്കുള്ള ധനസഹായവും ബത്തയും (S0057/23) | 4,14,000 | 0 |
| | 2,16,427 | അംഗൻവാടി അനുപൂരക പോഷകാഹാര പരിപാടി (S0013/23) | 2,16,427 | 0 |
| | **24,88,427** | **ആകെ** | **24,88,427** | 0 |

2022-23 വർഷത്തെ അക്കൗണ്ട്സിന്റെ B-4 ഷെഡ്യൂൾ പ്രകാരം സംയുക്ത പ്രോജക്ടിനായി ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് നിന്ന് ലഭിച്ച തുകയിൽ നീക്കിയിരുപ്പുണ്ട്. എന്നാൽ B-17 ഷെഡ്യൂളിൽ ആയതിന്റെ ബാങ്കിലുള്ള നീക്കിയിരുപ്പ് രേഖപ്പെടുത്തിയിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| Code | Head | Amount |
|---|---|---|
| 320700104 | Contribution For Joint Venture Projects (For Capital Expenditure) – From Block Panchayats | 10,00,000.00 |
| 320700204 | Contribution For Joint Venture Projects (For Revenue Expenditure) – From Block Panchayats | 20.00 |
| 320700205 | Contribution For Joint Venture Projects (For Revenue Expenditure) – From District Panchayats | 6,26,700.00 |

മുകളിൽ സൂചിപ്പിച്ച തുകകൾ 2021-22 ലെ നീക്കിയിരുപ്പ് തുകയാണ്. ആയത് ഏത് ബാങ്ക് അക്കൗണ്ടിലാണ് നിക്ഷേപിച്ചതെന്ന് വ്യക്തമാക്കേണ്ടതാണ്.

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

2022-23 വർഷം നിക്ഷേപ പ്രവൃത്തികൾക്കായി ചെലവഴിച്ച തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നമ്പർ/ തിയതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | 31.03.2023 ൽ ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള സംസ്ഥാന വൈദ്യുതി ബോർഡ് | വിവിധ വാർഡുകളിൽ ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ (S007/23) | 32/29.8.22 | ₹ 38,560 | 0 | ₹ 38,560 |
| | | 150/30.12.22 | ₹ 48,671 | 0 | ₹ 48,671 |
| | | 167/12.1.23 | ₹ 24,321 | 0 | ₹ 24,321 |
| | | 181/20.1.23 | ₹ 16,795 | 0 | ₹ 16,795 |
| | | 194/1.2.23 | ₹ 41,625 | 0 | ₹ 41,625 |
| | | 303/23.3.23 | ₹ 1,17,681 | 0 | ₹ 1,17,681 |
| | | ആകെ (*) | **₹2,87,653** | 0 | **₹ 2,87,653** |

(*) കെ.എസ്.ഇ.ബിയുടെ 17.6.2023 ലെ DB/VPZA/Utilisation/123/2023-24 നമ്പർ വിനിയോഗ സാക്ഷ്യപത്രം പ്രകാരം ₹ 2,87,653/- പൂർണ്ണമായി വിനിയോഗിച്ചിട്ടുണ്ട്.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി തുക നല്കിയിട്ടില്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല.

## 4-6 ഓഡിറ്റ് റിക്കവറി

2022-23 വർഷം ഓഡിറ്റ് റിക്കവറി ഇനത്തിൽ ലഭിച്ച തുക വാർഷിക ധനകാര്യ പത്രികയിൽ 190200401 (Prior Period Income – Other Incomes) എന്ന ശീർഷകത്തിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ആയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | തുക | രസീത് നം |
|---|---|---|---|
| 2008-09 | 3-9 | 2911.00 | 1220102296/16.08.2022 |
| 2021-22 | 1-27 | 9500.00 | 1220102143/03.08.2022 |
| 2021-22 | 1-19 (3) | 10700.00 | 1220103163/07.10.2022 |

| | | | |
|---|---|---|---|
| 2021-22 | 1-19 (5) | 4800.00 | 1220103576/29.10.2022 |
| | ആകെ | 27911.00 | |

## 4-7 സ്ഥിര നിക്ഷേപം

2022-23 വാർഷത്തെ അക്കൗണ്ട്സ് പ്രകാരം സ്ഥിര നിക്ഷേപത്തിന്റെ കണക്ക് ചുവടെ ചേർക്കുന്നു

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | **120,00,000** |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 120,00,000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | **120,00,000** |

**വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .**

| ക്രമ നം. | ബാങ്കിന്റെ പേര്/ സർട്ടിഫിക്കറ്റ് നം./ നിക്ഷേപിച്ച തിയതി | നിക്ഷേപിച്ച തുക | കാലയളവ്/ പലിശ നിരക്ക് | നിക്ഷേപം പുതുക്കിയ തിയതി | മച്ചൂരിറ്റി തിയതി |
|---|---|---|---|---|---|
| 1 | വരാപ്പുഴ സർവ്വീസ് സഹകരണ ബാങ്ക് ലി. 0006639/10.07.2017 | 15,00,000 | 1 വർഷം/7% | 20.08.2022 | 10.07.2023 |
| 2 | വരാപ്പുഴ സർവ്വീസ് സഹകരണ ബാങ്ക് ലി. 0006640/ 10.07.2017 | 15,00,000 | 1 വർഷം/7% | 20.08.2022 | 10.07.2023 |
| 3 | വരാപ്പുഴ സർവ്വീസ് സഹകരണ ബാങ്ക് ലി. 0006952/25.07.2017 | 15,00,000 | 1 വർഷം/7% | 20.08.2022 | 25.07.2023 |
| 4 | വരാപ്പുഴ സർവ്വീസ് സഹകരണ ബാങ്ക് ലി. 0006967/ 25.07.2017 | 15,00,000 | 1 വർഷം/7% | 20.08.2022 | 25.07.2023 |
| 5 | വരാപ്പുഴ സർവ്വീസ് സഹകരണ ബാങ്ക് ലി. 0001810/ 28.03.2019 | 10,00,000 | 1 വർഷം/7% | 25.04.2022 | 28.03.2023 |
| 6 | വരാപ്പുഴ സർവ്വീസ് സഹകരണ ബാങ്ക് ലി. 0016950/30.9.21 | 10,00,000 | 1 വർഷം/7% | 13.10.2022 | 30.09.23 |
| 7 | വരാപ്പുഴ സർവ്വീസ് സഹകരണ ബാങ്ക് ലി. 0016951/30.9.21 | 10,00,000 | 1 വർഷം/7% | 13.10.2022 | 30.09.23 |
| 8 | വരാപ്പുഴ സർവ്വീസ് സഹകരണ ബാങ്ക് ലി. 0016952/30.9.21 | 10,00,000 | 1 വർഷം/7% | 13.10.2022 | 30.09.23 |
| 9 | വരാപ്പുഴ സർവ്വീസ് | 10,00,000 | 1 വർഷം/7% | 13.10.2022 | 30.09.23 |

| | | | | | |
|---|---|---|---|---|---|
| | സഹകരണ ബാങ്ക് ലി. 0016953/30.9.21 | | | | |
| 10 | വരാപ്പുഴ സർവ്വീസ് സഹകരണ ബാങ്ക് ലി. 0016954/30.9.21 | 10,00,000 | 1 വർഷം/7% | 13.10.2022 | 30.09.23 |
| | **ആകെ** | **₹120,00,000** | | | |

ക്രമ നം. 1 മുതൽ 5 വരെയുള്ള സ്ഥിര നിക്ഷേപത്തിന്മേലുള്ള പലിശ വരാപ്പുഴ സർവ്വീസ് സഹകരണ ബാങ്ക് അക്കൗണ്ട് നം. 1103005455 ൽ ക്രെഡിറ്റ് ചെയ്യുകയാണ്. ക്രമ നം. 6 മുതൽ 10 വരെയുള്ള സ്ഥിര നിക്ഷേപത്തിന്മേലുള്ള പലിശ നിക്ഷേപത്തുകയോടൊപ്പം പുതുക്കുന്ന രീതിയാണ് സ്വീകരിച്ചിരിക്കുന്നത്. ടി സ്ഥിര നിക്ഷേപത്തിന്റെ സർട്ടിഫിക്കറ്റുകൾ പരിശോധിച്ചതിൽ 13.10.2022 ൽ പുതുക്കിയിരിക്കുന്ന തുക ₹ 10,67,500/- ആണ്. അതായത് തൻ വർഷം സ്ഥിര നിക്ഷേപത്തിന്റെ പലിശയിനത്തിൽ ലഭിച്ച ₹ 3,37,500/- (67500/- X 5) അക്കൗണ്ട്സിൽ ഉൾപ്പെടുത്തിയിട്ടില്ല. ആയത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (7/23.9.2023) നൽകിയതിന് ലഭ്യമാക്കിയ മറുപടിയിൽ ടി അപാകത അടുത്ത സാമ്പത്തിക വർഷം തിരുത്താമെന്ന് അറിയിച്ചു.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 - വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|
| 2009-2010 & 2010-2011 | 2011-12 | 3.2.6.3 | റോഡ് നിർമ്മാണ-സംരക്ഷണ പ്രവൃത്തികളുടെ ആസൂത്രണവും, നിർവ്വഹണവും | പഞ്ചായത്ത് സമർപ്പിച്ച മറുപടി പരിശോധിച്ച് നിയമസഭാ സമിതിക്ക് മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്. |
| | | 3.2.7 | ആസ്തിരജിസ്റ്ററുകളുടെ പരിപാലനം | |
| | | 3.2.9 | കണക്ടിവിറ്റി പ്ലാൻ | |
| | | 3.2.10 | റോഡ് ചെയിനേജ് രേഖപ്പെടുത്തൽ- സർക്കാർ ഉത്തരവ് നടപ്പാക്കിയിട്ടില്ല | |
| | | 3.2.13 | ഗുണഭോക്തൃസമിതി പ്രവൃത്തികളുടെ മോണിറ്ററിംഗ് നടത്തിയിട്ടില്ല | |
| | | 3.2.15 | ഡ്രെയിനേജ് സംവിധാനം അപാകതകൾ | |
| | | 3.2.18 | ടെൻഡർ പ്രവൃത്തികളിലെ ക്രമക്കേട് | |
| 2019-20 | 2020-21 | 1.1.2 | മരണപ്പെട്ട/ അർഹതയില്ലാത്ത ഗുണഭോക്താക്കൾക്ക് ക്ഷേമപെൻഷൻ അനുവദിക്കുന്നു | ഗുണഭോക്താക്കളിൽ നിന്നും തുക തിരികെ ഈടാക്കിയതായി മറുപടി നല്കി |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

### (എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 4,28,18,764.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 3,58,33,521.00 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 460493 |

(ബി). **പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-21 | 99206 | അനീഷ് എസ്,സെക്രട്ടറി |
| 1-22 | 166667 | ശ്രീമതി. ചാന്ദ്നി എസ്.എം., കൃഷി ഓഫീസർ |
| 1-23 | 112035 | ഡോ.സെലിൻ ടെൻസി,മെഡിക്കൽ ഓഫീസർ,സി.എച്ച്.സി. |
| 1-27 | 3585 | ആന്റണി എം.എ.,അസി.സെക്രട്ടറി |
| 1-28 | 55000 | അനീഷ് എസ്.,സെക്രട്ടറി |
| 1-30 | 24000 | രാജീവ് ഗോപാൽ ജി., അസി. എഞ്ചിനീയർ |
| ആകെ തുക | 460493 | |

(സി) **കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

**കേന്ദ്ര സർക്കാർ**

ഖ.1-24-22500/-(ആദായ നികുതി)

(ഡി) **നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

(ഇ)**റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന തടസത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസം**

| ക്രമ നം. | പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|---|
| 1 | അനീഷ് എസ്.,സെക്രട്ടറി | സെക്രട്ടറി,വിജയപുരം ഗ്രാമപഞ്ചായത്ത് | കയവിൽ,മയ്യനാട്.പി.ഓ കൊല്ലം |
| 2 | ആന്റണി എം.എ., അസി.സെക്രട്ടറി | സെക്രട്ടറി,ആറളം ഗ്രാമപഞ്ചായത്ത് | മുക്കത്ത് ഹൗസ്, ഓച്ചന്തുരുത്ത് എറണാകുളം |
| 3 | ഡോ.സെലിൻ ടെൻസി, മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. | മെഡിക്കൽ ഓഫീസർ,സി.എച്ച്.സി. വരാപ്പുഴ | പുത്തൻപറമ്പിൽ, ചുള്ളിക്കൽ കൊച്ചി-682005 |
| 4 | രാജീവ് ഗോപാൽ ജി., അസി. എഞ്ചിനീയർ | അസി. എഞ്ചിനീയർ, കോട്ടുവള്ളി ഗ്രാമപഞ്ചായത്ത് | ശ്രേയസ്, തെക്കുംഭാഗം, തൃപ്പൂണിത്തുറ, 682 301 |
| 5 | ചാന്ദ്നി എസ്.എം., കൃഷി ഓഫീസർ | കൃഷി ഓഫീസർ, വരാപ്പുഴ ഗ്രാമപഞ്ചായത്ത് | വിലയിൽ ഹൗസ് ധീർധനി, താനികുടം കുറിച്ചിക്കര (പി.ഒ) |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1999-2000 | കെ.എസ്.എ -ഇ.കെ.എം -അദാലത്ത്-(പി-13) 1639(I)/2022 തീയതി. 08.05.2023 | 6 | |
| 2007-2008 | കെ.എസ്.എ -ഇ.കെ.എം -അദാലത്ത്-(പി-13) 1639(Ii)/2022 തീയതി. 08.05.2023 | 1 | |
| 2008-2009 | കെ.എസ്.എ -ഇ.കെ.എം -അദാലത്ത്-(പി-13) 1639(Iii)/2022 തീയതി. 08.05.2023 | 5 | |

| | | | |
|---|---|---|---|
| 2009-2010 | കെ.എസ്.എ -ഇ.കെ.എം -അദാലത്ത്-(പി-13) 1639(Iv)/2022 തീയതി. 08.05.2023 | 2 | |
| 2010-2011 | കെ.എസ്.എ -ഇ.കെ.എം -അദാലത്ത്-(പി-13) 1639(V)/2022 തീയതി. 08.05.2023 | മുഴുവൻ ഖണ്ഡികകളും തീർപ്പായി | |
| 2011-2012 | കെ.എസ്.എ -ഇ.കെ.എം -അദാലത്ത്-(പി-13) 1639(Vi)/2022 തീയതി. 08.05.2023 | 4 | |
| 2012-13 | കെ.എസ്.എ -ഇ.കെ.എം -അദാലത്ത്-(പി-13) 1639(Vii)/2022 തീയതി. 08.05.2023 | 2 | |
| 2013-2014 | കെ.എസ്.എ -ഇ.കെ.എം-അദാലത്ത്-(പി-13) 1639(Viii)/2022 തീയതി. 08.05.2023 | 1 | |
| 2014-2015 | കെ.എസ്.എ -ഇ.കെ.എം (പി-11) 884/16 തീയതി. 06.06.2016 | മുഴുവൻ ഖണ്ഡികകളും തീർപ്പായി | |
| 2015-2016 | കെ.എസ്.എ -ഇ.കെ.എം -അദാലത്ത്-(പി-13) 1639(Ix)/2022 തീയതി. 08.05.2023 | 4 | |
| 2016-2017 | കെ.എസ്.എ -ഇ.കെ.എം അദാലത്ത്-(പി-13) 1639(X)/2022 തീയതി. 08.05.2023 | 4 | |
| 2017-2018 | കെ.എസ്.എ -ഇ.കെ.എം അദാലത്ത്-(പി-13) 1639(Xi)/2022 തീയതി. 08.05.2023 | 2 | |
| 2018-2019 | കെ.എസ്.എ -ഇ.കെ.എം അദാലത്ത്-(പി-13) 1639(Xii)/2022 തീയതി. 08.05.2023 | 2 | |
| 2019-2020 | കെ.എസ്.എ -ഇ.കെ.എം (പി-13) 730/2021 തീയതി 29.06.2021 | 9 | |
| 2020-21 | കെ.എസ്.എ -ഇ.കെ.എം(പി-13)524/22 തീയതി 26.07.2022 | 14 | |
| 2021-22 | കെ.എസ്.എ -ഇ.കെ.എം(പി-13) 97/23 തീയതി 28.3.2023 | | |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് ഓഫീസ്
എറണാകുളം

**Annexure-1**
**Audit Certificate**

i. I have audited the attached Financial statements approved vide resolution number 2(1) dated 2(1) dated 27-07-2023 and submitted on 30-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Varapuzha Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,
I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Varapuzha Grama Panchayat for the year 2022-2023

**Date: 05/12/2023** **Deputy Director**

**Kerala State Audit Department**

## Audit Report appended to the Audit Certificate of Varapuzha Grama Panchayat for the Year 2022-2023.

### 1.Major Observations

1) Lack of free and independent access to Accounting and all other Softwares which have direct or indirect impact on financial reports and information.

2) The asset value shown in Balance sheet is not traceable to asset register due to unsupported design of existing asset register.

3) Cash flow statement is not as per the approved accounting standards

### 2.Other Observations

1) The following mandatory financial statements prescribed in accounting rules are not submitted for audit. Ratios and Notes on Accounts. Investment amount shown in B-12 mismatch with the Investment Register

2) Value of stock in accounts is not as per stock register
3) Amt of water charges actually paid to KWA does not tally with the amount in accounts
4) Interest actually received in bank account does not tally with the amount in accounts
5) Interest actually received in CFC Grant bank account does not tally with the amount in accounts
6) Interest on Fixed Investment is not included in accounts

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ വരാപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/ തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്